# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൊണ്ടാഴി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 7) 12/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 18/05/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊണ്ടാഴി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 7) 12/2022 തീയ്യതി: 18/05/2022

## തൃശ്ശൂർ ജില്ലയിലെ കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-11-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 46 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 15-11-2021 | 25-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 15-11-2021 | 25-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സദാനന്ദൻ.പി.ജി, ഓഡിറ്റ് ഓഫീസർ

ശ്രീമതി.സുധ.ഇ.എൻ, അസി.ഓഡിറ്റ് ഓഫീസർ

ശ്രീ.സുനിൽ.പി.ബി, അസി.ഓഡിറ്റ് ഓഫീസർ

ശ്രീ.ജീജോ ജോബ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ജയൻ.വി.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുലേഖ പ്രദീപ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| മിനി വി | സെക്രട്ടറി | 01-04-2019 | 03-05-2019 |
| സുധീർ.പി.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-05-2019 | 23-05-2019 |
| മിനി വി | സെക്രട്ടറി | 24-05-2019 | 17-07-2019 |
| സുധീർ.പി.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-07-2019 | 21-07-2019 |
| ജയലക്ഷ്മി.എം | സെക്രട്ടറി | 22-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അശ്വതി ഗോപിനാഥ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.മൃദുല.എൻ.മോഹൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ.ജയമ്മ ജോസഫ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ.ബിന്ദു ഭാസ്കർ | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി) | 01-04-2019 | 15-12-2019 |
| ഡോ.പ്രീജ | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി) | 16-12-2019 | 31-03-2020 |
| ഡോ.ശരണ്യ | വെറ്ററിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ഷമീർ.കെ.എം. | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ബീന.എം.കെ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| സനൽ കുമാർ.എം.വി. | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| സുരേഷ് കുമാർ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| നിഖിൽ.കെ. | വി.ഇ.ഒ, ചേലക്കോട് | 01-04-2019 | 18-06-2019 |
| സോളി.ടി.ബി. | വി.ഇ.ഒ, ചേലക്കോട് -അധികച്ചുമതല | 19-06-2019 | 17-07-2019 |

| | | | |
|---|---|---|---|
| പീറ്റർ.സി.ജി. | വി.ഇ.ഒ, ചേലക്കോട് | 18-07-2019 | 15-10-2019 |
| സോളി.ടി.ബി. | വി.ഇ.ഒ, ചേലക്കോട് -അധികച്ചുമതല | 16-10-2019 | 08-12-2019 |
| രമ്യ.കെ. | വി.ഇ.ഒ, ചേലക്കോട് | 09-12-2019 | 31-03-2020 |
| സോളി.ടി.ബി. | വി.ഇ.ഒ,-കൊണ്ടാഴി | 01-04-2019 | 31-03-2020 |
| സുധീർ.പി.എസ് | അസി.സെക്രട്ടറി | 01-04-2019 | 22-07-2019 |
| ഒഴിവ് | അസി.സെക്രട്ടറി | 23-07-2019 | 23-07-2019 |
| ജലജകുമാരി.എ | അസി.സെക്രട്ടറി | 24-07-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.G.Sadanandan (Audit Officer, On 04-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Sunil.P.B (Asst. Audit Officer, On 04-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sunil.P.B (Asst. Audit Officer, On 04-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sunil.P.B (Asst. Audit Officer, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sunil.P.B (Asst. Audit Officer, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sunil.P.B (Asst. Audit Officer, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Sunil.P.B (Asst. Audit Officer, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-7 |
| 8 | കാഷ് വെരിഫിക്കേഷൻ<br>Written By: Jayan VS (Auditor, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Sunil.P.B (Asst. Audit Officer, On 04-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Jayan VS (Auditor, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Sunil.P.B (Asst. Audit Officer, On 02-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-11 |
| 12 | വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയില്ല<br>Written By: Sunil.P.B (Asst. Audit Officer, On 02-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-11-1 |
| 13 | വസ്തുനികുതി അക്കൗണ്ടിംഗിലെ അപാകതകൾ<br>Written By: Sunil.P.B (Asst. Audit Officer, On 02-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-05-2022) | 1-11-2 |
| 14 | കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ശരിയായി പരിപാലിച്ചിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 02-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-11-3 |
| 15 | പ്രൊവിഷൻ രേഖപ്പെടുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല<br>Written By: Sunil.P.B (Asst. Audit Officer, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-11-4 |
| 16 | 280000000-Prior Period Item- അംഗീകരിക്കപ്പെട്ട വൗച്ചറുകൾ | 1-11-5 |

| | | |
|---|---|---|
| | ഓഡിറ്റിന് ലഭ്യമാക്കിയില്ല<br>Written By: Sunil.P.B (Asst. Audit Officer, On 02-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | |
| 17 | ജേണൽ വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല<br>Written By: Sunil.P.B (Asst. Audit Officer, On 02-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-11-6 |
| 18 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 02-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-11-7 |
| 19 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Sunil.P.B (Asst. Audit Officer, On 02-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-11-8 |
| 20 | ആസ്തികൾക്ക് തേയ്മാനം കണക്കാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല<br>Written By: Sunil.P.B (Asst. Audit Officer, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-11-9 |
| 21 | ഡെപ്പോസിറ്റ് രജിസ്റ്റർ,അഡ്വാൻസ് രജിസ്റ്റർ എന്നിവ ശരിയായി പരിപാലിച്ചിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-11-10 |
| 22 | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുക ബാങ്ക് അക്കൌണ്ടുകളുടെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Sunil.P.B (Asst. Audit Officer, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-11-11 |
| 23 | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-3 പ്രകാരം " Capital Contribution” എന്ന ഇനത്തിൽ ഒരേ തുക തന്നെ രേഖപ്പെടുത്തുന്നു.<br>Written By: Sunil.P.B (Asst. Audit Officer, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-11-12 |
| 24 | കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque” എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-11-13 |
| 25 | Capital Work In Progress- തുകകൾ പൊരുത്തപ്പെടുന്നില്ല<br>Written By: Sunil.P.B (Asst. Audit Officer, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-11-14 |
| 26 | വായ്പ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.<br>Written By: Sunil.P.B (Asst. Audit Officer, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-11-15 |
| 27 | സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Sunil.P.B (Asst. Audit Officer, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-11-16 |
| 28 | ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കിയില്ല<br>Written By: Sunil.P.B (Asst. Audit Officer, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-11-17 |
| 29 | വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ<br>Written By: Jayan VS (Auditor, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-12 |
| 30 | തൊഴിൽ നികുതി - അപാകതകൾ<br>Written By: Jayan VS (Auditor, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-05-2022) | 1-13 |

| | | |
|---|---|---|
| 31 | രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല<br>Written By: Jayan VS (Auditor, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-14 |
| 32 | 1998-ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ പ്രകാരം ഫീസ് ഈടാക്കുന്നില്ല.<br>Written By: Jayan VS (Auditor, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-15 |
| 33 | വസ്തുനികുതി- അപാകതകൾ<br>Written By: Jayan VS (Auditor, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-16 |
| 34 | വാണിജ്യ കെട്ടിടങ്ങൾ സഞ്ചയയിൽ ഗണം മാറി നികുതി നിശ്ചയിച്ച് നൽകിയിരിക്കുന്നു.<br>Written By: Jayan VS (Auditor, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-17 |
| 35 | രശീതി ഉപയോഗം - അപാകതകൾ<br>Written By: Jayan VS (Auditor, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-18 |
| 36 | പണം പിൻവലിക്കൽ - അപാകതകൾ<br>Written By: Jayan VS (Auditor, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-19 |
| 37 | വാഴാട് തേക്കിൻക്കാട് കുടിവെള്ള പദ്ധതി - അപാകതകൾ<br>Written By: Jayan VS (Auditor, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-20 |
| 38 | സ്ട്രീറ്റ് ലൈറ്റിന്റെ വൈദ്യുതിചാർജ്ജ് അടവാക്കുന്നതിൽ -കൂടുതൽ വിവരം ആവശ്യപ്പെടുന്നു<br>Written By: Sudha.E.N (Asst. Audit Officer, On 02-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-21 |
| 39 | പൊതുടാപ്പുകളുടെ വെള്ളക്കരം - കൂടുതൽ വിവരങ്ങൾ ആവശ്യപ്പെടുന്നു<br>Written By: Sudha.E.N (Asst. Audit Officer, On 02-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-22 |
| 40 | വെറ്ററിനറി സർജ്ജൻ നടപ്പാക്കിയ പദ്ധതികൾ - ചെലവ് രേഖകൾ ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു.<br>Written By: Sudha.E.N (Asst. Audit Officer, On 02-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-23 |
| 41 | മഴക്കാല പൂർവ്വ ശുചീകരണം- ചെലവ് രേഖകൾ ഹാജരാക്കിയില്ല<br>Written By: Sudha.E.N (Asst. Audit Officer, On 02-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-24 |
| 42 | അംഗൻവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം- സർക്കാർ നിർദ്ദേശം പാലിച്ചില്ല<br>Written By: Sunil.P.B (Asst. Audit Officer, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-05-2022) | 1-25 |
| 43 | പത്ര പരസ്യം -സർക്കാർ നിർദ്ദേശപ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല<br>Written By: Sunil.P.B (Asst. Audit Officer, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-26 |
| 44 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയില്ല<br>Written By: Sunil.P.B (Asst. Audit Officer, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-27 |
| 45 | റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയില്ല - 54612 രൂപ നഷ്ടം<br>Written By: P.G.Sadanandan (Audit Officer, On 26-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-28 |

| | | |
|---|---|---|
| 46 | വി.ഇ.ഒ ചേലക്കോട് സർക്കിൾ - ധനസഹായ വിതരണ രജിസ്റ്ററിലെയും ഫയലുകളിലെയും പരിപാലനത്തിലെ പോരായ്മകൾ<br>Written By: Jeejo Job (Senior Grade Auditor, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-29 |
| 47 | ഗവ.യു.പി.സ്കൂളിൽ സോളാർ സ്ഥാപിക്കൽ - മോണിറ്ററിംഗ് നടത്തേണ്ടതും പ്രവർത്തനക്ഷമത ഉറപ്പ് വരുത്തേണ്ടതുമാണ്.<br>Written By: Jeejo Job (Senior Grade Auditor, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-30 |
| 48 | മരാമത്ത് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി വൈകിയതിന് നിയമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല<br>Written By: P.G.Sadanandan (Audit Officer, On 26-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-31 |
| 49 | അസി.എഞ്ചിനീയർ - രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ<br>Written By: P.G.Sadanandan (Audit Officer, On 26-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-32 |
| 50 | ദുരിതാശ്വാസ നിധി രൂപീകരണം സംബന്ധിച്ച്<br>Written By: P.G.Sadanandan (Audit Officer, On 26-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-33 |
| 51 | മരാമത്ത് പ്രവൃത്തിയുടെ ഫയൽ ഹാജരാക്കിയിട്ടില്ല<br>Written By: P.G.Sadanandan (Audit Officer, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-34 |
| 52 | ഇ-ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക പഞ്ചായത്തിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല<br>Written By: P.G.Sadanandan (Audit Officer, On 02-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-35 |
| 53 | വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.<br>Written By: Jeejo Job (Senior Grade Auditor, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-36 |
| 54 | എസ്.എസ്.എ പദ്ധതി - പദ്ധതി പ്രവർത്തനങ്ങൾ മോണിറ്ററിംഗ് നടത്തേണ്ടതും ആവശ്യമായ വിഹിതം വകയിരുത്തേണ്ടതുമാണ്.<br>Written By: Jeejo Job (Senior Grade Auditor, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-37 |
| 55 | എസ്.എസ്.എ പദ്ധതി - പട്ടികജാതി വിദ്യാർത്ഥികൾക്ക് ആനുപാതികമായി മാത്രം എസ്.സി.പി. ഫണ്ട് വകയിരുത്തേണ്ടതാണ്.<br>Written By: Jeejo Job (Senior Grade Auditor, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-38 |
| 56 | എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - വിതരണം ചെയ്യാതെ അവശേഷിക്കുന്നു.<br>Written By: Jeejo Job (Senior Grade Auditor, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-39 |
| 57 | എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ലാപ്ടോപ്പുകൾ വിതരണം ചെയ്തു<br>Written By: Jeejo Job (Senior Grade Auditor, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-05-2022) | 1-40 |
| 58 | എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - വിദ്യാർത്ഥികളുടെ യോഗ്യത തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Jeejo Job (Senior Grade Auditor, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-41 |
| 59 | തുടർ സാക്ഷരത പ്രവർത്തനങ്ങൾ - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല.<br>Written By: Jeejo Job (Senior Grade Auditor, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-42 |

| | | |
|---|---|---|
| 60 | തുടർ സാക്ഷരത പ്രവർത്തനങ്ങൾ - രേഖകൾ ലഭ്യമാക്കിയില്ല.<br>Written By: Jeejo Job (Senior Grade Auditor, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-43 |
| 61 | വീട്ടിക്കുന്ന് നഴ്സറി സ്കൂളിന് ഭക്ഷണം,യൂണിഫോം, പഠനോപകരണങ്ങൾ, കളിപ്പാട്ടം, പാഠ്യപുസ്തകങ്ങൾ, സ്റ്റേഷനറി, ഡസ്റ്റ്ബിൻ മുതലായവ വാങ്ങൽ - അപാകതകൾ<br>Written By: Jeejo Job (Senior Grade Auditor, On 03-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-05-2022) | 1-44 |
| 62 | താല്ക്കാലികമായി നിയമിച്ച ജീവനക്കാർക്ക് വേതനം അക്കൗണ്ടിലൂടെ അല്ലാതെ, പണമായി പിൻവലിച്ച് നേരിട്ട് നൽകി<br>Written By: Sunil.P.B (Asst. Audit Officer, On 03-01-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 1-45 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയില്ല - 54612 രൂപ നഷ്ടം<br>Written By: P.G.Sadanandan (Audit Officer, On 02-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-05-2022) | 3-1 |
| 2 | മരാമത്ത് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി വൈകിയതിന് നിയമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല<br>Written By: P.G.Sadanandan (Audit Officer, On 02-12-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 05-05-2022) | 3-2 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayan VS (Auditor, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jayan VS (Auditor, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Jayan VS (Auditor, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Jayan VS (Auditor, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Jayan VS (Auditor, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jayan VS (Auditor, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Jayan VS (Auditor, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 4-7 |
| 8 | ചാർജ്ജ് / സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം<br>Written By: Jayan VS (Auditor, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayan VS (Auditor, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 4-9 |

| | | |
|---|---|---|
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം<br>Written By: Jayan VS (Auditor, On 30-11-2021)<br>Last Updated By: P.G.Sadanandan (Audit Officer, On 21-04-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| പാസാക്കിയ തീയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 26/02/2019 | 1 | 170195456 | 160815652 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തീയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 20/03/2020 | 3 | 219840514 | 212648692 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 23-06-2020 |

## 1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 1,02,20,179 |
| ഓഡിറ്റ് വർഷത്തെ വരവ് | 5,00,30,634 |
| ആകെ | 6,02,50,813 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 4,90,06,504 |
| നീക്കിയിരിപ്പ് | 1,12,44,309 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 10381747 | 10381747 | 9637377 | 744370 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 10081059 | 10081059 | 5647258 | 4433801 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 7190000 | 7190000 | 4718015 | 2471985 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 3408000 | 3408000 | 2511407 | 896593 |
| സെൻട്രൽ | 8964210 | 8964210 | 4580503 | 4383707 |

| | | | | | |
|---|---|---|---|---|---|
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | | | |

സംസ്ഥാനാവിഷ്കൃത പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവയുടെ ACR പ്രത്യേകം എഴുതിസൂക്ഷിച്ചിട്ടില്ലാത്തതിനാൽ വരവ്, ചെലവ്, നീക്കിബാക്കി സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 208 | 110430592 | 114 | 36732414 | 0 | 94 | 54.80 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 323363 | 1125075 | 1448438 | 1002602 | 445836 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 46201000 | 46201000 | 46201000 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 5280 | 4 |
| കർഷകതൊഴിലാളി പെൻഷൻ | 1448400 | 622 |
| വിധവാ പെൻഷൻ | 2208000 | 939 |
| വാർദ്ധക്യകാല പെൻഷൻ | 3777600 | 1588 |
| വികലാംഗപെൻഷൻ | 742500 | 311 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 410400 | 178 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 180000 | 6 |

## 1-8 കാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-11-2021 തീയതിയിൽ 3:00 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,210/- രൂപയുടെ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ ബജറ്റ്, അക്കൌണ്ടിങ്ങ്, നികുതി ചുമത്തലും നിയന്ത്രണാധികാരപ്രയോഗവും, പദ്ധതി നിർവ്വഹണം എന്നീ വിവിധ ശീർഷകങ്ങളിലായി ഈ ഓഡിറ്റ് റിപ്പോർട്ടിൽ അതാത് ഓഡിറ്റ് ശീർഷകങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 26/02/2021 | 4/2020 മുതൽ 12/2020 വരെ | 20/07/2021 |
| അക്കൗണ്ടന്റ് ജനറൽ | ലഭ്യമല്ല. | | |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

### 1-11-1 വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

### 1-11-2 വസ്തുനികുതി അക്കൗണ്ടിംഗിലെ അപാകതകൾ

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2.1തൻവർഷം

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 14,37,582.00 | 14,20,441.00 | 19,745.00 | 756.00 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 14,37,582.00 | 14,17,041.00 | 19,745 | *796.00 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(836 /105X100)=796 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 10,56,749.00 | 10,21,355.00 | 9,978.00 | 29,276.00 |

| | | | | |
|---|---|---|---|---|
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 10,56,749.00 | 10,17,495.00 | 9,978.00 | *29,276 |
| | (ഇൻകം &എക്സിപെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(30740 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2കുടിശ്ശിക

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3,02,246.00 | 2,98,686.00 | 4,776.00 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *3, 58,129.52 | 2,97,470.00 | **4777.14 |
| | *(2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (186952.+189084=376036/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (5016/105X100)=4777.14 |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2,21,558.00 | 1,77,401.00 | 44,996.00 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2,50,787.60 | 1,76,562.00 | 44,996.00 |
| | (2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(121027+142300=263327/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(47,247/105X100)=44,997.14 ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീ കരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസി ഡൻഷ്യൽ | 73,517 | 16,031 | 89,548 | 72567 | 15303 | 87870 | 1,066 | | 40 | 240 | 280 |
| | നോൺ-റെസി ഡൻഷ്യൽ | 53929 | 11943 | 65872 | 51380 | 8958 | 60338 | 508 | | 1464 | 2251 | 3715 |
| | ആകെ | | | 155420 | | | 148208 | 1574 | | 3995 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 159580 | | | 148060 | | | | 151425 | 3995 | | |
| | | 32134+127446 =(2018-19ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State Govt. Cess/levies ലെഡ്ജർ 2019-20) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt. Cess/levies ലെഡ്ജർ 2019-20) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

2.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക

സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:2.1.1, 2.1.2, 2.2.1,.2.2.2, 2.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

2.5 1/4/2019ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രുവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ കൊണ്ടാഴി ഗ്രാമപഞ്ചായത്തിൽ 340 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2019-20 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.6 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 1,48,060 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 1,48,208 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 151425രൂപയാണ് (വൗച്ചർ41900268 തീ31.03.20 തുക:89268 & വൌച്ചർ41900266 തീ31.03.20 തുക:62157 (89268+62157 =151425)(പട്ടിക 2.3 കാണുക). 2018-19 വർഷം പിരിച്ചെടുക്കാനുള്ള ലൈബ്രറി സെസ്സ് ആയി കൺട്രോൾ അക്കൗണ്ടിൽ അവശേഷിച്ച തുക Receivables Property Tax -Arrear ശീർഷകങ്ങളിൽ ക്രെഡിറ്റ് ചെയ്യുകയും അപ്രകാരം കൺട്രോൾ അക്കൗണ്ടിലെ ഡിമാന്റ് ഒഴിവാക്കുകയുമാണ് ചെയ്തിട്ടുള്ളത്.

## 1-11-3 കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ശരിയായി പരിപാലിച്ചിട്ടില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 ഭൂമി പാട്ടം ഡിമാന്റ് രജിസ്റ്റർ.

2 പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

3 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

4 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

5 ഭൂമി പാട്ടം കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ (എഴുതി സൂക്ഷിക്കുന്നില്ല.)

## 1-11-4 പ്രൊവിഷൻ രേഖപ്പെടുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും വെള്ളക്കരം ഇനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സ.ഉ(എം.എസ്) 152/2011/ത.സ്വ.ഭ.വ തീ.26/7 /2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ കണക്കാക്കിയതിന്റെ രേഖകൾ

പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

## 1-11-5 280000000-Prior Period Item- അംഗീകരിക്കപ്പെട്ട വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/20ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 55,884 |
| 280100104-Prior Period Income-Property Tax On Non Residential Buildings | 22,930 |
| 280200401-Prior Period Income-Other Income | (-)7867 |
| 280800101-Prior Period-Establishment Expenses | (-)58650 |
| 280800501-Prior Period- Programme Expenses | 155112 |
| 280800701-Prior Period-Miscellaneous Expenses | (-)3430686 |
| 280100102-Prior Period Income-Profession Tax-Institutionals, Professionals/Traders | (-)670 |
| 280800301-Prior Period Operations And Maintenance Expenses | (-)44295 |

## 1-11-6 ജേണൽ വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-11-7 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-11-8 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 10,24,130 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 45,62,881രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

## 1-11-9 ആസ്തികൾക്ക് തേയ്മാനം കണക്കാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

2019-20 വർഷത്തെ Income And Expenditure പത്രിക പ്രകാരം 65,68,466 രൂപ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നീ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

## 1-11-10 ഡെപ്പോസിറ്റ് രജിസ്റ്റർ,അഡ്വാൻസ് രജിസ്റ്റർ എന്നിവ ശരിയായി പരിപാലിച്ചിട്ടില്ല

1) ഡെപ്പോസിറ്റ് രജിസ്റ്റർ :- ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഡെപ്പോസിറ്റ് തുകകളുടെ ആധികാരികത പരിശോധിക്കുന്നതിനായില്ല.

2) അഡ്വാൻസ് രജിസ്റ്റർ :- മാലിന്യ നിക്ഷേപം കണ്ടെത്തുന്നതിന് പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സി.സി.ടി.വി.ക്യാമറ സ്ഥാപിക്കുന്നതിനായി 27.03.2019ന് വൗച്ചർ നം.21800996 പ്രകാരം ₹1,19,960/- PWD ഇലക്ട്രോണിക്സ് ഡിവിഷൻ തൃശ്ശൂരിൽ അടവാക്കിയിരുന്നതാണ്. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ 2019-20ൽ മുൻബാക്കിയായി ഈ തുക ഉൾപ്പെടുത്തിയിട്ടില്ലാത്തതും, വാർഷികകണക്കിലെ 460500205 ശീർഷകത്തിൽ തുക ഉൾപ്പെടുത്തിയിട്ടില്ലാത്തതുമാണ്. ഈ പദ്ധതിയ്ക്കായി PWD ഇലക്ട്രോണിക്സ് ഡിവിഷൻ തൃശ്ശൂരിൽ ആകെ അടവാക്കിയ ₹12,00,000/- യിൽ 2019-20 അടവാക്കിയ ₹10,80,040/- മാത്രമാണ് അഡ്വാൻസ് രജിസ്റ്ററിലും വാർഷിക കണക്ക് ബാലൻസ്ഷീറ്റ് B-18 ഷെഡ്യൂളിലും രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-11-11 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുക ബാങ്ക് അക്കൌണ്ടുകളുടെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/20 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/20 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320100101 | NREGA | 524526 | 450610101 | SBT Chelakkara -NREGA | 445836 |

## 1-11-12 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-3 പ്രകാരം " Capital Contribution" എന്ന ഇനത്തിൽ ഒരേ തുക തന്നെ രേഖപ്പെടുത്തുന്നു.

31/3/2019 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2020 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് സ.ഉ.(എം.എസ്) 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-11-13 കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല {കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 46)}. ആയത് ക്രമീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| ബാങ്ക് ഓഫ് ബറോഡ 265/17.06.2019 | 21-06-19 | 12,223 |
| ബാങ്ക് ഓഫ് ബറോഡ 6519/31.12.2019 | 31--12-19 | 1,765 |

## 1-11-14 Capital Work In Progress- തുകകൾ പൊരുത്തപ്പെടുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/3/20 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2020 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 1,32,682 രൂപയാണ്. എന്നാൽ 31/3/2020 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 21,19,148 രൂപയാണ്.

## 1-11-15 വായ്പ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

KURDFC വായ്പ ഇനത്തിൽ ₹1,43,00,055/- മുൻബാക്കിയുണ്ടായിരുന്നതിൽ തൻവർഷം ₹9,85,294/- പ്രോജക്റ്റ് പ്രകാരം തിരിച്ചടച്ചിട്ടുണ്ട് 31/3/2020 ൽ ₹1,33,14,761/- തിരിച്ചടക്കാൻ ബാക്കിയുണ്ട്. എന്നാൽ ഈ വിവരങ്ങൾ വായ്പ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

## 1-11-16 സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

2019-20 വർഷത്തെ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-11-17 ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കിയില്ല

460100101- Festival Advance എന്ന ശീർഷകത്തിൽ പ്രാരംഭ ബാക്കിയായി കാണിച്ചിട്ടുള്ള 6000/- രൂപ തിരികെ ഈടാക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-12 വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ സ.ഉ.(പി)നം.80/2017 (SRO No.674/2017) പ്രകാരം 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് പുറപ്പെടുവിച്ച ഭേദഗതികൾ പ്രകാരം ടി ചട്ടത്തിന്റെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നാക്കി മാറ്റിയിട്ടുണ്ട്. അതനുസരിച്ച് ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്.

1) 2017 ലെ ഭേദഗതി ഉത്തരവ് പ്രകാരം എല്ലാ വിധ സംരംഭക, സേവന പ്രവർത്തനങ്ങളും ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നതാണ്, ഇതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനങ്ങളടക്കമുള്ളവയെയും ഓഫീസ് മാത്രമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും (ഭേദഗതിക്ക് മുൻപ് ലൈസൻസ് എടുക്കാത്തവ) ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കേണ്ടതാണ്.

2) നിയന്ത്രണപരമായ അനിവാര്യ ചുമതല എന്നതിനോടൊപ്പം നിക്ഷേപക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കപ്പെടുക എന്ന കാഴ്ച്ചപ്പാടോടു കൂടിയാണ് 2017 ലെ ഭേദഗതി ചട്ടങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി സ.ഉ.(എം.എസ്)നം. 80/2017/തസ്വഭവ, തീ.03.04.2017 മാർഗ്ഗരേഖയിലെ ഖ.6.6 പ്രകാരം സംരംഭക ക്ലബ്ബ് രൂപീകരിക്കാവുന്നതും ഓരോ വാർഡിലും അതത് മെമ്പർമാരുടെ നേതൃത്വത്തിൽ സംരംഭകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും കൂടുതൽ യുവാക്കളെ സംരംഭകമേഖലയിലേക്ക് ആകർഷിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതുമാണ്.

3) മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 18.02.2021 തീയതിയിലെ ഭരണസമിതി തീരുമാനം 6(1) പ്രകാരം ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 2019-20 വർഷത്തിൽ ഫീസ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട ഭരണസമിതി തീരുമാനം എടുത്തിട്ടില്ല.

4) അപേക്ഷയിൽ മൂലധനം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ ഫീസ് ഈടാക്കിയതിന്റെ

കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. ചട്ട വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
5) ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ള്ഷാപ്പുകൾ, റേഷൻ കടകൾ എന്നിവ ലൈസൻസ് എടുത്തിട്ടില്ല.
6) കെ.എം.ഫ്യൂവൽസ് എന്ന പെട്രോൾ പമ്പ് ലൈസൻസ് അപേക്ഷയോടൊപ്പം ഹാജരാക്കിയ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ്, കൊച്ചി ഡിവിഷനൽ ഓഫീസിൽ നിന്നും 29.11.2016 തീയതിയിൽ അനുവദിച്ച സ്റ്റോറേജ് ലൈസൻസ് പ്രകാരം ആയതിന്റെ കാലാവധി 31.12.2019 വരെ മാത്രമാണ്. പുതുക്കിയ ലൈസൻസ് ഹാജരാക്കിയിട്ടില്ല.
7) വാർഡ് 9, ചേലക്കോട് പ്രവർത്തിക്കുന്ന എച്ച്.പി ഗ്യാസ് ഗോഡൗണിന് ലൈസൻസ് എടുത്തിട്ടില്ല.
8) 28.05.19-ലെ തീരുമാനം നമ്പർ 43(1) പ്രകാരം 2-ാം വാർഡിലെ മിനറൽ വാട്ടർ പ്ലാന്റിനെതിരെ പരാതി ലഭിക്കുകയുണ്ടായിട്ടുണ്ട്. ഈ സ്ഥാപനത്തിന് ലൈസൻസ് നൽകിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.
ലൈസൻസ് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 10/22.11.2021 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. അപാകതകൾ പരിഹരിക്കേണ്ടതും നിക്ഷേപകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് എന്ന ലക്ഷ്യം നിറവേറ്റുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-13 തൊഴിൽ നികുതി - അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം 204 (I) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഏതൊരു കമ്പനിയിൽ നിന്നും, 204 (II) വകുപ്പ് പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ ഏതെങ്കിലും തൊഴിലിലോ ബിസിനസ്സിലോ ഏർപ്പെട്ട ഏതൊരാളിൽ നിന്നും പരമാവധി നിർണ്ണയിക്കപ്പെട്ട നിരക്കുകളിൽ കവിയാതെ തൊഴിൽ നികുതി ചുമത്തേണ്ടതാണെന്ന് അനുശാസിക്കുന്നു. ഇത് പ്രകാരം പഞ്ചായത്തിലെ തൊഴിൽനികുതി ഈടാക്കുന്നത് സംബന്ധിച്ച താഴെ പറയുന്ന അപാകതകൾ കാണുന്നു.
1) ലൈസൻസ് അപേക്ഷ പരിശോധിച്ചതിൽ 2019-20 വർഷത്തിൽ ഡ്രീമാക്സ് സിനിമാസിൽ 7 ജീവനക്കാരുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇവരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
2) മാവേലി സ്റ്റോറിന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
3) ഗ്രാമപഞ്ചായത്തിലെ ഡ്രൈവറുടെയും പമ്പ് ഓപ്പറേറ്റർമാരുടെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
4) കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
5) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കട, കള്ള്ഷാപ്പ് എന്നിവിടങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 11/22.11.2021 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.
കേരള പഞ്ചായത്ത് രാജ് നിയമം 205 (ബി), (സി) എന്നീ വകുപ്പുകൾ പ്രകാരം നോട്ടീസ് നൽകി പഞ്ചായത്ത് പരിധിയിൽ വകുപ്പ് 204 പ്രകാരം തൊഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല

താഴെ കൊടുത്തിരിക്കുന്ന രേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും രേഖകൾ/ഫയലുകൾ ഹാജരാക്കിയില്ല.
1) 2019-20 വാർഷിക കണക്ക് പ്രകാരം വിനോദ നികുതിയിനത്തിൽ 1,17,383/- രൂപ വരവ് വന്നിട്ടുണ്ട്. ഇത് സംബന്ധിച്ച രജിസ്റ്റർ, ഫയൽ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
2) 12.04.2019 തീയതിയിലെ ഭരണ സമിതി തീരുമാനം നം. 3(1) പ്രകാരം കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പഞ്ചായത്ത് ഗ്രൗണ്ട് പാറമേൽപ്പടി മാരിയമ്മൻ പൂജ മഹോത്സവത്തിന്റെ ഭാഗമായി മെയ് 5,6,7,8,9 തീയതികളിൽ കലാപരിപാടികൾ നടത്തുന്നതിന് വിട്ടുനൽകുന്നതിന് തീരുമാനിക്കുകയുണ്ടായി. ഇത് സംബന്ധിച്ച ഫയലും വാടകക്കായി നൽകിയതാണെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കിയില്ല. മേൽ പഞ്ചായത്ത് ഗ്രൗണ്ട് മറ്റാവശ്യങ്ങൾക്കായി വാടകയ്ക്ക് നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ എന്നത് സംബന്ധിച്ച വിവരവും ലഭ്യമാക്കുകയുണ്ടായില്ല.
3) 30.11.2019 തീയതിയിലെ ഭരണസമിതി തീരുമാനം നം. 13(1) പ്രകാരം എഴുന്നള്ളത്ത് കടവ് ഭാഗത്ത് പ്രളയം മൂലം അടിഞ്ഞ മണൽ നീക്കം ചെയ്യുന്നതിന് സർക്കാരിലേക്ക് കത്ത് നൽകുവാൻ തീരുമാനിക്കുകയുണ്ടായി. അനുമതി ലഭിക്കുകയോ ആയത് പ്രകാരം മണൽ നീക്കം ചെയ്യുകയോ ഉണ്ടായിട്ടുണ്ടോ എന്നും ഈ ഇനത്തിൽ പഞ്ചായത്തിന് വരവുണ്ടോ എന്നും പരിശോധിക്കുന്നതിനായി ഇത് സംബന്ധിച്ച ഫയൽ ഹാജരാക്കിയില്ല.
4) 03.07.2019 തീയതിയിലെ തീരുമാനം നം. 19(1) പ്രകാരം ഒന്നാം വാർഡിൽ ഭാരതപ്പുഴയ്ക്ക് സമീപം നിളാ തീരത്ത് നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ അനുമതി സംബന്ധിച്ച് പരിശോധന നടത്തുന്നതിന് LSGD എഞ്ചിനീയറെ ചുമതലപ്പെടുത്തുകയുണ്ടായി. ആയതിന്റെ തുടർനടപടികളും ഇത്തരം നിർമ്മാണങ്ങൾ നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരങ്ങളും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.32/24.11.2021) മറുപടി

ലഭ്യമാക്കുകയുണ്ടായില്ല.

## 1-15 1998-ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ പ്രകാരം ഫീസ് ഈടാക്കുന്നില്ല.

30.11.2019 തീയതിയിലെ ഭരണസമിതി തീരുമാനം നം. 11(1) പ്രകാരം കൊണ്ടാഴി തളി ക്ഷേത്രത്തോട് ചേർന്ന പൊതുശ്മശാനം ഉപയോഗയോഗ്യമാക്കുന്നതിനും 26.02.2021 തീയതിയിലെ തീരുമാനം നം. 11(2) പ്രകാരം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മൂലമണ്ണൂർ ശ്മശാനം, കൊണ്ടാഴി ശ്മശാനം എന്നിവയിൽ വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.
മേൽ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ 1998-ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ നിലവിൽ വന്നത് പ്രകാരം വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ മറുപടിയിൽ ചട്ടം 3 പ്രകാരം പഞ്ചായത്തിന് കീഴിൽ രണ്ട് ശ്മശാനങ്ങൾ നിലവിലുള്ളതായും ചട്ടം 3(1) പ്രകാരം വാടക/ഫീസ് എന്നിവ ഈടാക്കുന്നില്ല എന്നും ചട്ടം 3(3) പ്രകാരം ഫീസ് പിരിക്കുന്നതിന് കുത്തകാവകാശം ആർക്കും നൽകിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.
മേൽ ചട്ടങ്ങളിലെ ചട്ടം 7(1) പ്രകാരം ശ്മശാനങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കേണ്ടതും ചട്ടം 12 പ്രകാരം ബൈലോ തയ്യാറാക്കി ശ്മശാനത്തിന് വാടക/ഫീസ് നിശ്ചയിക്കേണ്ടതും ജനങ്ങൾക്ക് ഉപകാരപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ നിറവേറ്റേണ്ടതുമാണ്.

## 1-16 വസ്തുനികുതി- അപാകതകൾ

I) വസ്തു നികുതി ഫയലുകൾ പരിശോധിക്കുന്നതിനാവശ്യമായ മേഖല തരം തിരിവ് നിർണ്ണയിച്ചിട്ടുള്ളത് സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കിയില്ല.
II) UA നമ്പർ നൽകിയ കെട്ടിടങ്ങളുടെ രജിസ്റ്ററിൽ ചേർത്തിട്ടുള്ള 2014-15 വർഷം വരെയുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ ചേർത്തിട്ടില്ല. രജിസ്റ്ററിൽ ചേർത്തിട്ടുള്ള താഴെ പറയുന്നവയുടെ വിവരവും സഞ്ചയയിൽ ലഭ്യമല്ല.
1) VII/4UA – ഉണ്ണികൃഷ്ണൻ, ഒലിച്ചികോളനി വീട്ടിൽ, കൊണ്ടാഴി
2) VII/88UA – ആറുമുഖൻ, മൂശാരിപുരയ്ക്കൽ വീട്, കൊണ്ടാഴി
3) XI/43UA – കെ.ജി.ശശികുമാർ, കോലക്കാട്ടുകുടിയിൽ വീട്, കൊണ്ടാഴി
4) IV/16UA – എൻ.കെ.ദേവദാസ്, നെടുന്തംകുന്നത്ത് വീട്, മായന്നൂർ
5) IV/17UA – ലൈല, പുല്ലുമറ്റത്തിൽ വീട്, കൊണ്ടാഴി
6) V/1 UA – ലത, പാറമേൽപ്പടിതെരുവ്, കൊണ്ടാഴി
7) XII/12UA – കേശവൻ, ഒലിച്ചികോളനി, കൊണ്ടാഴി
8) രജിസ്റ്ററിൽ ചന്ദ്രൻ, ഊരത്ത് വീട്, ചേലക്കോട് എന്ന് രേഖപ്പെടുത്തിയിട്ടുള്ള 590/- രൂപ നികുതി കണക്കാക്കിയിട്ടുള്ള XI/11 UA നമ്പർ കെട്ടിടം സഞ്ചയയിൽ ചാക്കോ എന്ന് രേഖപ്പെടുത്തി 189/- രൂപ നികുതിയാണ് കാണിച്ചിരിക്കുന്നത്.
ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 9/22.11.2021 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.
III) 2019-20 വർഷത്തെ വേക്കൻസി റെമിഷൻ സംബന്ധിച്ച അപേക്ഷകളും നികുതി ഒഴിവ് നൽകിയ കെട്ടിടങ്ങളുടെ വിവരങ്ങളടങ്ങിയ സഞ്ചയ സ്റ്റേറ്റ്മെന്റും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം. 28/23.11.2021)
IV) Ex-servicemen നികുതി ഒഴിവ് നൽകുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ V/132, ഉണ്ണികൃഷ്ണൻ.വി എന്നയാളുടെ പാർപ്പിടം 2599.9 ച.മീ. എന്നും XV/611, മണികണ്ഠൻ എന്നയാളുടെ പാർപ്പിടം 4000 ച.മീ എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സഞ്ചയയിൽ ഈ രണ്ട് കെട്ടിടങ്ങൾക്കും ഡിമാന്റ് രേഖപ്പെടുത്തി കാണുന്നില്ല. (ഓഡിറ്റ് അന്വേഷണം നം. 28/23.11.2021)
2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

## 1-17 വാണിജ്യ കെട്ടിടങ്ങൾ സഞ്ചയയിൽ ഗണം മാറി നികുതി നിശ്ചയിച്ച് നൽകിയിരിക്കുന്നു.

1) താഴെ കാണിച്ചിരിക്കുന്ന വാണിജ്യ വ്യാപാര ലൈസൻസ് അനുവദിച്ച് നൽകിയ കെട്ടിടങ്ങൾ സഞ്ചയയിൽ ഗണം മാറിയാണ് നികുതി നിശ്ചയിച്ച് നൽകിയിരിക്കുന്നത്.

| കെട്ടിട നം. | സ്ഥാപനം | സഞ്ചയയിൽ രേഖപ്പെടുത്തിയ ഗണം |
|---|---|---|
| V/400 | വനിത സ്റ്റോഴ്സ് | പാർപ്പിടാവശ്യം |
| X/20 | സുജോം ചിക്കൻ സെന്റർ | പാർപ്പിടാവശ്യം |
| X/489 | ഗ്രാന്റ് ഇലക്ട്രിക്കൽസ് | പാർപ്പിടാവശ്യം |
| VIII/496 | ശ്രീ മഹാലക്ഷ്മി ക്ലേ വർക്സ് | പാർപ്പിടാവശ്യം |

| | | |
|---|---|---|
| VIII/532 | ഹരിത ആർട്സ്, പെയിന്റിംഗ് വർക്സ് | കൈത്തറി, കയർപിരി ഷെഡ് |
| II/409B | കാർ വാഷിംഗ് | കൈത്തറി, കയർപിരി ഷെഡ് |
| III/470 | ലൈറ്റ് & സൗണ്ട് | പാർപ്പിടാവശ്യം |
| III/180 | കുന്നത്ത് ഡിസ്ട്രിബ്യൂട്ടേഴ്സ് | പാർപ്പിടാവശ്യം |
| IV/252 | ശ്രീജിത്ത് ടീ സ്റ്റാൾ | No Data Found |

2) അമൃത സ്റ്റോർ എന്ന സ്ഥാപനത്തിന് ലൈസൻസ് നൽകിയിട്ടുള്ളത് അനധികൃത കെട്ടിടമായ I/3 UA എന്ന നമ്പറിലാണ്. സഞ്ചയ പ്രകാരം ടി.കെ.ശങ്കരൻകുട്ടി എന്നയാളുടെ പേരിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും പ്രത്യേക കെട്ടിട നമ്പർ നൽകപ്പെട്ടതും 235W വകുപ്പ് പ്രകാരം നടപടിക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ വ്യാപാരത്തിനായോ വ്യവസായാവശ്യത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന്, ഗ്രാമപഞ്ചായത്ത് അനുമതിയോ ലൈസൻസോ നൽകാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

മേൽ വിവരങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം നം. 25/23.11.2021 നൽകിയതിന് മറുപടി നൽകിയില്ല.

## 1-18 രശീതി ഉപയോഗം - അപാകതകൾ

I) അസി.എഞ്ചിനീയറുടെ ഓഫീസിൽ ഉപയോഗിച്ച രശീതി പുസ്തകങ്ങൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) രശീതി പുസ്തകത്തിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട്സ് എഴുതി സൂക്ഷിച്ചിട്ടില്ല. {കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ 2011

ചട്ടം 83, കെ.ടി.സി. വോളിയം 1 ആർട്ടിക്കിൾ 90(ബി)യിലെ കുറിപ്പ് 2 }

2) 63016, 63017 എന്നീ നമ്പർ രശീതി പുസ്തകങ്ങൾ ഒരുമിച്ച് കൈപ്പറ്റിയിരിക്കുന്നു. തുടർന്ന് 63017 എന്ന രശീതി പുസ്തകം ഉപയോഗിക്കാതെ രശീതി പുസ്തകം നമ്പർ 4392 കൈപ്പറ്റി ഉപയോഗിച്ചിരിക്കുന്നു.

3) ഇരുവശവും പതിയുന്ന കാർബൺ ഉപയോഗിക്കുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 16/22.11.2021 ന് ലഭ്യമാക്കിയ മറുപടിയിൽ രശീതി പുസ്തകം നം. 63017

ഗ്രാമപഞ്ചായത്തിലേക്ക് 23.11.2021 ന് തിരികെ നൽകി എന്നും അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്നും

അറിയിച്ചിട്ടുണ്ട്.

II) കൃഷി ഓഫീസറുടെ ഓഫീസിൽ ഉപയോഗിക്കുന്നതിനായി നൽകിയ രശീതി പുസ്തകത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) രശീതിയിൽ തീയതി രേഖപ്പെടുത്തുന്നില്ല.

2) ഇരുവശവും പതിയുന്ന കാർബൺ ഉപയോഗിക്കുന്നില്ല.

3) ഉപയോഗിച്ച രശീതികളുടെ പകർപ്പ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടില്ല {കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 ചട്ടം 20, കെ.ടി.സി. വോളിയം 1 ആർട്ടിക്കിൾ 90(എ) }.

4) രശീതി പുസ്തകം നമ്പർ 4393 ൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് എഴുതി സൂക്ഷിച്ചിരുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 17/22.11.2021 ന് ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

III) ഗ്രാമപഞ്ചായത്തിൽ ഉപയോഗിക്കുന്ന സാംഖ്യ രശീതികളുടെ കാൻസലേഷൻ റിപ്പോർട്ട് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. കാൻസൽ ചെയ്ത രശീതികൾ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്താതെയിരിക്കുന്നതായും പരിശോധനയിൽ കാണുകയുണ്ടായി.

രശീതികളുടെ ഉപയോഗത്തിൽ കർശന മേൽനോട്ടം ഉണ്ടാവേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധ പുലർത്തേണ്ടതുമാണ്.

## 1-19 പണം പിൻവലിക്കൽ - അപാകതകൾ

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങളിലെ ചട്ടം5(1), 5(2), 34(4), 34(5) എന്നിവ പാലിക്കപ്പെടുന്നില്ല. ചട്ടങ്ങൾക്ക് വിരുദ്ധമായി ചെക്ക് മുഖേന ചെലവുകൾ നടത്താതെ സെൽഫ് ചെക്ക് മുഖാന്തിരം പണം പിൻവലിച്ച് വിവിധ ചെലവുകൾ നടത്തിയിരിക്കുന്നു. ഇത്തരത്തിലുള്ള പല പണം പിൻവലിക്കലുകളും ബാങ്ക്

ബുക്കിൽ Contra എൻട്രി രേഖപ്പെടുത്തി കാഷ് ബുക്കിലും സമാന എൻട്രി വരുത്താതെ ബാങ്ക് ബുക്കിൽ നേരിട്ട് പേയ്മെന്റ് വൗച്ചറുകളാക്കുകയാണ് ചെയ്തിരിക്കുന്നത്, ആയതിനാൽ പണമായി പിൻവലിച്ചത് കാഷ് ബുക്കിലും രേഖപ്പെടുത്തണമെന്നുള്ള അടിസ്ഥാന അക്കൗണ്ട്സ് ചട്ടങ്ങളുടെ ലംഘനമാണ് നടന്നിരിക്കുന്നത്. ബാങ്ക് ഓഫ് ബറോഡയുടെ തനത് ഫണ്ട് അക്കൗണ്ടിലെ ചെക്കുകൾ പ്രകാരമുള്ള ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ചെക്ക് നമ്പർ/തീയതി | പിൻവലിച്ച തുക | വൗച്ചർ നമ്പർ | ചെലവ് വിവരം |
|---|---|---|---|
| 207/03.04.2019 | 71,194/- | 21900023 മുതൽ 21900026 വരെ<br>21900027 മുതൽ 21900031<br>21900020 വരെ (3000/-) | KSEB യിൽ അടവാക്കിയത് (68194)<br>Income Tax Remittance |
| 213/10.04.2019 | 46,544/- | 21900042 മുതൽ 21900048 വരെ | KSEB യിൽ അടവാക്കിയത് |
| 231/10.05.2019 | 25,715/- | 21900102, 219000103 | KSEB യിൽ അടവാക്കിയത് |
| 234/10.05.2019 | 26,765/- | 21900105 മുതൽ 21900107 വരെ | KSEB യിൽ അടവാക്കിയത് |
| 261/10.06.2019 | 40,687/- | 21900177 മുതൽ 21900182 വരെ | KSEB യിൽ അടവാക്കിയത് |
| 288/10.07.2019 | 79,872/- | 21900251 മുതൽ 21900263 വരെ | ഇലക്ട്രിസിറ്റി ബിൽ, ടി.എ Etc. |

മേൽ പ്രകാരമുള്ള ചെലവുകൾ ചെക്ക് മുഖേന നടത്താതെ പണമായി നൽകിയത് എന്തുകൊണ്ടാണ് എന്ന ഓഡിറ്റ് അന്വേഷണത്തിന് (നം.33/25.11.2021) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് ഓഫീസിൽ പ്രവർത്തിച്ച് വരുന്നതായ കെ.എസ്.ഇ.ബി കളക്ഷൻ കൗണ്ടറിൽ പണമായി മാത്രമാണ് ഇലക്ട്രിസിറ്റി ചാർജ്ജ് സ്വീകരിക്കുന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്.

അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 വാഴാട് തേക്കിൻക്കാട് കുടിവെള്ള പദ്ധതി - അപാകതകൾ

വാഴാട് തേക്കിൻക്കാട് കുടിവെള്ള പദ്ധതിയ്ക്കായി 2019-20 വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ്, വരവ്, കുടിശ്ശിക എന്നിവ താഴെ കാണിക്കുന്നു.

| | | |
|---|---|---|
| 2019-20 വർഷത്തെ ഡിമാന്റ് | ₹3,67,140/- | |
| 2019-20 വർഷത്തെ തൻവർഷ കളക്ഷൻ | ₹87,660 | |
| 2019-20 വർഷത്തെ കുടിശികയിനത്തിലെ വരവ് | ₹28,860 | |
| ആകെ വരവ് | ₹1,16,520 | |
| ബാലൻസ്ഷീറ്റ് പ്രകാരം പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക | തൻവർഷം | കുടിശിക |
| | ₹2,79,480/- | ₹4,67,225/- |

വാഴാട് തേക്കിൻക്കാട് കുടിവെള്ള പദ്ധതിയ്ക്കായി 2019-20 വർഷത്തിൽ ചെലവു വന്നതിന്റെ കണക്ക് താഴെ കാണിക്കുന്നു.

| ചെലവു വിവരം | തുക |
|---|---|
| വാൽവ് ഓപ്പറേറ്റർ, പമ്പ് ഓപ്പറേറ്ററുടെ വേതനം | 1,45,550 |
| ഇലക്ട്രിസിറ്റി ചാർജ്ജ് | 1,52,934 |
| ആകെ ചെലവ് | 2,98,484 |

1) മേൽ പട്ടിക പ്രകാരം 31.03.2020 തീയതിയിൽ വാഴാട് തേക്കിൻക്കാട് കുടിവെള്ള പദ്ധതിയിനത്തിൽ ആകെ ₹ 7,46,705/- പിരിച്ചെടുക്കുന്നതിനായി അവശേഷിക്കുന്നുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

2) വാട്ടർ ചാർജ്ജ് വരവ് രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് സ്റ്റേറ്റ്മെന്റ് എഴുതിസാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 46/25.11.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-21 സ്ട്രീറ്റ് ലൈറ്റിന്റെ വൈദ്യുതിചാർജ്ജ് അടവാക്കുന്നതിൽ -കൂടുതൽ വിവരം ആവശ്യപ്പെടുന്നു

ഗ്രാമപഞ്ചായത്ത്ഫണ്ടിൽ നിന്നും സ്ട്രീറ്റ് ലൈറ്റിന്റെ വൈദ്യുതിചാർജ്ജ് ആവശ്യത്തിലേക്കായി 230100101 -Electricity Charges For Street Lights എന്ന ശീർഷക പ്രകാരം 2019-20 വർഷത്തിൽ 3,12,838 രൂപ കെ.എസ്.ഇ.ബി-യിലേക്ക് അടവാക്കിയിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ ഭരണസമിതിയുടെ പരിഗണനയ്ക്ക് ഓഡിറ്റ് സമർപ്പിക്കുന്നു.

1. 1994 ലെ പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് തെരുവ് വിളക്ക്, കുടിവെള്ള വിതരണ സേവനങ്ങൾ ഏർപ്പെടുത്തിയ ഇടത്തെല്ലാം സേവന നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഇപ്രകാരമുള്ള സേവനങ്ങൾക്ക് വസ്തുനികുതിയെ ആധാരമാക്കി സേവന ഉപനികുതി ചുമത്താവുന്നതിന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ തെരുവ് വിളക്ക്, കുടിവെള്ള വിതരണ സേവനങ്ങൾ ഏർപ്പെടുത്തിയ പ്രദേശത്തിലോ/ ഏതെങ്കിലും പ്രദേശങ്ങളിലോ ചട്ടപ്രകാരം സേവന ഉപനികുതി പിരിയ്ക്കാവുന്നതിന്റെ സാധ്യത പരിശോധിക്കുന്നത് ഉചിതമായിരിക്കും.

2. മീറ്ററിംഗ് നടത്താത്ത തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.45/25.11.21)

## 1-22 പൊതുടാപ്പുകളുടെ വെള്ളക്കരം - കൂടുതൽ വിവരങ്ങൾ ആവശ്യപ്പെടുന്നു

ഗ്രാമപഞ്ചായത്ത്ഫണ്ടിൽ നിന്നും വാട്ടർ ചാർജ്ജിനത്തിൽ 230110102- Water Charges For Street Tap എന്ന ശീർഷകപ്രകാരം 2019-20 വർഷത്തിൽ 2,05,000/- രൂപ വാട്ടർഅതോറിറ്റിയിലേക്ക് അടവാക്കിയിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ ഭരണസമിതിയുടെ പരിഗണനയ്ക്ക് ഓഡിറ്റ് സമർപ്പിക്കുന്നു.

I) 1994 ലെ പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് തെരുവ് വിളക്ക്, കുടിവെള്ള വിതരണ സേവനങ്ങൾ ഏർപ്പെടുത്തിയിടത്തെല്ലാം സേവന നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഇപ്രകാരമുള്ള സേവനങ്ങൾക്ക് വസ്തുനികുതിയെ ആധാരമാക്കി സേവന ഉപനികുതി ചുമത്താവുന്നതിന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ തെരുവ് വിളക്ക്, കുടിവെള്ള വിതരണ സേവനങ്ങൾ ഏർപ്പെടുത്തിയ പ്രദേശത്തിലോ/ ഏതെങ്കിലും പ്രദേശങ്ങളിലോ ചട്ടപ്രകാരം സേവന ഉപനികുതി പിരിയ്ക്കാവുന്നതിന്റെ സാധ്യത പരിശോധിക്കുന്നത് ഉചിതമായിരിക്കും.

II) പ്രതിമാസം 167 വാട്ടർ ടാപ്പുകളുടെ ബിൽ ആണ് വാട്ടർ അതോറിറ്റി നൽകുന്നതെങ്കിലും 150 ടാപ്പുകളുടെ വാട്ടർ ചാർജ്ജാണ് അടവാക്കിവരുന്നത്. വാട്ടർഅതോറിറ്റിയുമായി ചേർന്ന് പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണത്തിൽ കൃത്യത വരുത്തേണ്ടതും കുടിശ്ശിക വെള്ളക്കരം അടവാക്കേണ്ടി വരുന്നതിന്റെ സാധ്യത ഒഴിവാക്കേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണം നം. 44/25.11.21)

## 1-23 വെറ്ററിനറി സർജ്ജൻ നടപ്പാക്കിയ പദ്ധതികൾ - ചെലവ് രേഖകൾ ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു.

2019-20 വർഷത്തിലെ പ്രൊജക്ട് നമ്പർ 20/20 - മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിക്ക് സുലേഖ ചെലവ് പത്രിക പ്രകാരം 200000/- രൂപ മെയിന്റനൻസ് ഗ്രാന്റ് - റോഡിതരത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. (വൗച്ചർ നം. 21901062/20.01.20 – 100000/-, 21901063/20.01.20 – 100000/-) ആയതിന്റെ പ്രൊജക്ട്, ചെലവ് രേഖകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയില്ല (ഓഡിറ്റ് അന്വേഷണം നമ്പർ- 21/22.11.21). ചെലവ് രേഖകൾ ലഭ്യമാക്കുന്നത് വരെ പ്രൊജക്ടിന് ചെലവഴിച്ച 200000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-24 മഴക്കാല പൂർവ്വ ശുചീകരണം- ചെലവ് രേഖകൾ ഹാജരാക്കിയില്ല

തനതു ഫണ്ട് വൗച്ചർ പരിശോധനയിൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 2019-20 വർഷത്തിൽ താഴെ പറയും പ്രകാരം തുകകൾ മെഡിക്കൽ ഓഫീസർ, പി.എച്ച്.സിക്ക് കൈമാറിയിട്ടുണ്ട്.

| വർഷം | വൗച്ചർനം./തീയതി | തുക |
|---|---|---|
| 2019-20 | 21900104/21.05.19 | 2,25,000/- (വാർഡൊന്നിന് 15000/- രൂപ വീതം) |

2019-20 വർഷത്തിൽ ആകെ 15 വാർഡുകളിൽ 1, 14, 15 വാർഡുകളിലെ മഴക്കാല പൂർവ ശുചീകരണം സംബന്ധിച്ച ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ചെലവ് തുകയായ 45000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-25 അംഗൻവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം- സർക്കാർ നിർദ്ദേശം പാലിച്ചില്ല

2018-19 സാമ്പത്തിക വർഷം മുതൽ അംഗൻവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം പ്രോജക്ട് വെച്ച് നല്കുന്നതിന് പകരം പ്രാദേശിക സർക്കാരുകൾക്ക് അനുവദിക്കുന്ന വികസന ഫണ്ടിന്റെ പൊതുവിഭാഗത്തിൽ നിന്നും അതാത് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ "2235-02-102-05- Deduct Amount Transferred From Development Fund Towards Honorarium & Allowances Of Anganwadi Workers And Helpers (NP)" എന്ന ശീർഷക കണക്കിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാനും, 2018-19 വർഷത്തെ വികസനഫണ്ടിന്റെ രണ്ടാം ഗഡു അനുവദിച്ചും കൊണ്ടുള്ള 25.07.2018 ലെ സർക്കാർ ഉത്തരവ് (സാധാരണം) 6345/2018/ധന പ്രകാരം നിർദ്ദേശിച്ചിരുന്നതാണ്. ഇത്തരത്തിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക, വികസനഫണ്ട് അനുവദിച്ചതിന്റെ അറ്റതുകയിൽ ഉൾപ്പെടുത്തുകയും, പ്രസ്തുത തുകയുടെ ബാക്കി തുക മാത്രമേ വികസന ഫണ്ടിനത്തിൽ ഗ്രാമപഞ്ചായത്തിൽ ചെലവഴിക്കുന്നതിനാകൂ എന്നും ഉത്തരവിന്റെ 5-ാം ഖണ്ഡികയിൽ നിർദ്ദേശിച്ചിരുന്നതാണ്. ഉത്തരവിന്റെ അനുബന്ധം 1 ക്രമ നം. 492 പ്രകാരം കൊണ്ടാഴി ഗ്രാമ പഞ്ചായത്തിന് ഇത്തരത്തിൽ 2018-19 വർഷത്തിന്റെ ആദ്യ ആറ് മാസക്കാലത്തേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ട തുകയായി ₹4,59,900 /-യും നിർദ്ദേശിച്ചിരുന്നതാണ്.

2018-19 വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു അനുവദിച്ചു കൊണ്ടുള്ള 29.11.2018 ലെ സർക്കാർ ഉത്തരവ് (സാധാരണം) 9858/2018/ധന ഉത്തരവിന്റെ അനുബന്ധം 1 ക്രമ നം. 492 പ്രകാരം കൊണ്ടാഴി ഗ്രാമ പഞ്ചായത്തിന് ഇത്തരത്തിൽ 2018-19 വർഷത്തിന്റെ രണ്ടാം പകുതിയിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ട തുകയായി ₹4,59,900/- രൂപയും നിർദ്ദേശിച്ചിരുന്നതാണ്. മേൽ ഉത്തരവുകളെ അലോട്ട്മെന്റ് ലെറ്ററായി പരിഗണിക്കണമെന്നും ഉത്തരവിൽ നിർദ്ദേശിച്ചിരുന്നതാണ്.

എന്നാൽ ഈ ഇനത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രൊജക്ട് നം.202/19 അംഗൻവാടി വർക്കർ ഹെൽപ്പർ അധിക ഓണറേറിയം ഇനത്തിൽ വികസന ഫണ്ട് (ജനറൽ) നിന്നും ₹4,59,900/- മാത്രമാണ് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനായി ചെലവഴിച്ചത്.

മേൽ വിവരിച്ച പ്രകാരം ആകെ ₹9,19,800/- ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടിയിരുന്നിടത്താണ് ഇക്കാര്യത്തിനായി ₹4,59,900/- ചെലവഴിച്ചത്. ACR പ്രകാരം 2018-19 കാലയളവിൽ ആകെ ലഭ്യമായ ₹1,42,88,000/- വികസനഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം) ഇനത്തിൽ ₹1,25,44,846/- മാത്രമേ ഗ്രാമപഞ്ചായത്തിൽ ചെലവഴിക്കുകയുണ്ടായുള്ളൂ.

2019-20 വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു അനുവദിച്ചു കൊണ്ടുള്ള 21.12.2019 ലെ സർക്കാർ ഉത്തരവ് (സാധാരണം) 10050/ധന ഉത്തരവിന്റെ ഖണ്ഡിക:6, അനുബന്ധം -1 ക്രമ നം. 492 എന്നിവ പ്രകാരം കൊണ്ടാഴി ഗ്രാമ പഞ്ചായത്ത് അഗൻവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം 2018-19 വർഷത്തിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടുന്നതിൽ കുറവുവന്ന തുകയായി ₹4,59,900/- 2019-20 വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡുവിൽ നിന്നും കുറവ് ചെയ്തിട്ടുള്ളതുമാണ്. സർക്കാർ ഉത്തരവുകൾ പാലിക്കുന്നതിലെ വീഴ്ചകൾ മൂലം ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തിൽ വികസനാവശ്യത്തിന് ന്യായമായി ലഭിക്കേണ്ട തുകയിൽ നിന്നും കുറവുണ്ടായതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

2019-20 വർഷത്തിൽ പ്രാദേശിക സർക്കാരുകൾക്ക് വികസന ഫണ്ട് അനുവദിച്ചുനല്കിയ സർക്കാർ ഉത്തരവ് നം.2772/2019/ധന. തി.03.04.19, സർക്കാർ ഉത്തരവ് നം.6105/2019/ധന. തി.01.08.19, സർക്കാർ ഉത്തരവ് നം.10050/2019/ധന. തി.21.12.19 എന്നിവ പ്രകാരം ₹3,06,600/- വീതം ആകെ ₹9,19,800/- അംഗൻവാടി തൊഴിലാളികളുടെയും സഹായികളുടേയും പ്രതിഫല ഇനത്തിൽ പ്രാദേശിക സർക്കാർ വിഹിതമായി കൊണ്ടാഴി ഗ്രാമ പഞ്ചായത്തിന് അനുവദിച്ചിരുന്നതാണ്. പ്രസ്തുത തുക സെക്രട്ടറി "2235-02-102-05- Deduct Amount Transferred From Development Fund Towards Honorarium & Allowances Of Anganwadi Workers And Helpers (NP)" എന്ന കണക്ക് ശീർഷകത്തിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചേയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നതുമാണ്. എന്നാൽ 2019-20 വർഷത്തിൽ

അംഗൻവാടി ജീവനക്കാർക്ക് അധിക ഓണറേറിയം ഇനത്തിൽ 200/21 നമ്പർ പ്രോജക്ട് പ്രകാരം ആകെ ₹3,06,600/- മാത്രമാണ് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിരിക്കുന്നത്. മേൽ പരാമർശിച്ച സർക്കാർ ഉത്തരവുകൾ പ്രകാരം ഈ ഇനത്തിൽ ₹9,19,800/- അടവാക്കേണ്ടതിനു പകരം ₹6,13,200/- കുറവ് ചെയ്ത് ₹3,06,600/- മാത്രം അടവാക്കിയതിലുള്ള കാരണം അറിയിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് 22-11-2021ന് നല്കിയ 15-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി അറിയിച്ചിട്ടില്ലാത്തതാണ്.

## 1-26 പത്ര പരസ്യം -സർക്കാർ നിർദ്ദേശപ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല

ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2019-20 വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജായി 54534 രൂപ നൽകിയപ്പോൾ ഡിസ്കൗണ്ട് ആയി 8180 രൂപ ലഭിക്കേണ്ടതായിരുന്നു. എന്നാൽ ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല. .

| ക്രമ നം | വൗച്ചർ നം. | പത്ര സ്ഥാപനം | ഇൻവോയ്സ് നം. | തുക |
|---|---|---|---|---|
| 1 | 21900821/19.11.19 | മാതൃഭൂമി | 321000077122/13.10.19 | 5,733 |
| 2 | 21900789/06.09.19 | | 321000048333/30.07.20 | 5,733 |
| 3 | 21901148/26.03.20 | | 321000132997/04.03.20 | 9,048 |
| 4 | | | 321000130098/27.02.20 | 7,056 |
| 5 | 21901066/25.01.20 | | 321000097237/14.12.19 | 7,056 |
| 6 | | | 321000097238/14.12.19 | 7,056 |
| 7 | 21900990/06.03.20 | | - | 7,056 |
| 8 | 21901066/25.01.20 | ദേശാഭിമാനി | TCR/2020 /2855/23-01-20 | 5,796 |
| | ആകെ | | | 54534 |

2020-21 വർഷത്തിൽ പത്രസ്ഥാപനങ്ങളിൽ നിന്നും 15% ഡിസ്കൗണ്ട് ലഭ്യമായിട്ടുണ്ട് എന്ന മറുപടിയാണ് ഓഡിറ്റ് എൻക്വയറി നം.22/22-11-21ന് ഗ്രാമപഞ്ചായത്ത് അറിയിച്ചത്. സർക്കാർ നിർദ്ദേശ പ്രകാരം ഗ്രാമപഞ്ചായത്തിന് അർഹമായ ആനുകൂല്യം പത്രസ്ഥാപനങ്ങളിൽ നിന്നും നേടിയെടുക്കുന്നതിന് നടപടികൾ ഉണ്ടാവേണ്ടതാണ്.

## 1-27 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതാണ്.

| ക്രമ നം | പ്രോജക്ടിന്റെ പേരുവിവരം | ഫണ്ട് വിവരം | വൗച്ചർ നം | തുക | നിർവ്വഹണ ഏജൻസി |
|---|---|---|---|---|---|
| 1 | 03/20 IKM വിഹിതം നൽകൽ | വികസനഫണ്ട്-പൊതുവിഭാഗം സാധാരണ വിഹിതം | 21900795/20.09.19 | 58,950 | IKM |
| 2 | 02/20 വിജ്ഞാൻ സാഗർ | വികസനഫണ്ട്-പൊതുവിഭാഗം സാധാരണ വിഹിതം | 21900798/20.09.19 | 1,00,000 | ജില്ലാ പഞ്ചായത്ത് |
| 3 | 131/20 മാലിന്യ നിക്ഷേപം കണ്ടെത്തുന്നതിന് | വികസനഫണ്ട്-പൊതുവിഭാഗം സാധാരണ | 21901042/11-01-20 | 3,09,486 | PWD ഇലക്ട്രോണിക്സ് വിഭാഗം |

| | | | | | |
|---|---|---|---|---|---|
| | പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സിസിടിവി ക്യാമറ സ്ഥാപിക്കൽ | വിഹിതം | | | |
| | | വികസനഫണ്ട്-പൊതുവിഭാഗം സാധാരണ വിഹിതം | 21900725/18.05.20 | 7,70,554 | |
| | | തനത് ഫണ്ട് | 21800996/27.03.18 | 1,19,960 | |
| | | ആകെ | | 12,00,000 | |
| 4 | 204/2020 കാൻ | വികസനഫണ്ട്-പൊതുവിഭാഗം സാധാരണ വിഹിതം | 21900657/26.12.19 | 80,000 | ജില്ലാ പഞ്ചായത്ത് |

വിനിയോഗ സാക്ഷ്യപത്രങ്ങൾ നിർവ്വഹണ ഏജൻസികളിൽ നിന്നും ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.22/22-11-21)

## 1-28 റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയില്ല - 54612 രൂപ നഷ്ടം

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

PRICE സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയിട്ടുള്ള റോഡ് നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമിൻ റേറ്റാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലുകളുടെ വില ഈടാക്കേണ്ടതുണ്ട്. താഴെ പറയുന്ന പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ടിന്റെ വിവരം | ബിറ്റുമിന്റെ അളവ് (Kg) | ഉപയോഗിച്ച ടാർ ബാരലുകളുടെ എണ്ണം | വില (@ Rs.238) | ജി.എസ്.ടി (18%) | ആകെ |
|---|---|---|---|---|---|---|
| 1. | 160/20 – കൊച്ചപ്പൻ പൊന്നുംകുന്ന് റോഡ് സോളിങ്, മെറ്റലിങ്, ടാറിങ്ങ്<br>കരാറുകാരൻ – പി.എസ്.പളനിസ്വാമി<br>എംബി നമ്പർ – 286/18-19<br>എഗ്രി.നമ്പർ – 31/18-19<br>തീയതി 11.9.2018<br>ചെലവ് - 399114/-<br>ട്രഷറി ബിൽ നമ്പർ – 3/19.7.2019 | SS1-543.61<br>RS1-175.87<br>VG30-1349.14<br>ആകെ | 3.36<br>0.88<br>8.34<br>12.58 | 2994 | 539 | 3533 |
| 2. | 159/20 – തുളംകോട് റോഡ് ടാറിങ്ങ്<br>കരാറുകാരൻ – എം.എ.മുഹമ്മദ്<br>എം.ബി നമ്പർ – 315/18-19 | SS1 – 380.65<br>RS1 – 123.15 | 2.1<br>0.62 | 2037 | 367 | 2404 |

| | | | | | | |
|---|---|---|---|---|---|---|
| | എഗ്രി.നമ്പർ – 71/18-19<br>തീയതി - 04.02.19<br>ചെലവ് - 285101/-<br>ട്രഷറി ബിൽ നമ്പർ - 4/19.7.2019<br>5/19.7.2019 | VG30 – 944.9<br>ആകെ | 5.84<br>8.56 | | | |
| 3. | 157/20 – ഇല്ലിക്കൽ ചാമി റോഡ് ടാറിങ്ങ്<br>കരാറുകാരൻ – എം.എം.ജോസഫ്<br>എം.ബി നമ്പർ – 297/18-19<br>എഗ്രി.നമ്പർ – 51/18-19<br>തീയതി - 6.10.2018<br>ചെലവ് - 181654/-<br>ട്രഷറി ബിൽ നമ്പർ - 7/19.7.2019 | SS1 – 274.25<br>RS1 – 88.72<br>VG30 – 680.78<br>ആകെ | 1.52<br>0.44<br>4.21<br>6.17 | 1468 | 264 | 1732 |
| 4. | 163/20 – വടക്കംകോണം – അയ്യപ്പൻകോവിൽ റോഡ് മെറ്റലിങ്ങ്,ടാറിങ്ങ്<br>കരാറുകാരൻ – എം.എം.ജോസഫ്<br>എം.ബി നമ്പർ – 299/18-19<br>എഗ്രി.നമ്പർ – 06/18-19<br>തീയതി - 14.8.18<br>ചെലവ് - 162574/-<br>ട്രഷറി ബിൽ നമ്പർ - 8/19.7.19 | SS1- 250.21<br>RS1-80.95<br>VG30-621.12<br>ആകെ | 1.38<br>0.40<br>3.84<br>5.62 | 1338 | 241 | 1579 |
| 5. | 154/20 – കരുവാൻപടി സുബ്രഹ്മണ്യൻ റോഡ് മെറ്റലിങ്ങ്,ടാറിങ്ങ്<br>കരാറുകാരൻ – എം.എം.ജോസഫ്<br>എം.ബി നമ്പർ – 301/18-19<br>എഗ്രി.നമ്പർ – 03/18-19 | SS1-443.36<br>RS1-143.44<br>VG30-1100.59 | 2.45<br>0.72<br>6.80 | 2373 | 427 | 2800 |

| | | | | | | |
|---|---|---|---|---|---|---|
| | തീയതി - 14.8.2018<br>ചെലവ് - 292105/-<br>ട്രഷറി ബിൽ നമ്പർ - 9/19.7.2019 | ആകെ | 9.97 | | | |
| 6. | 153/20 – താഴത്തേക്കുളം റോഡ് മെറ്റലിങ്ങ് ടാറിങ്ങ് | SS1-264.47 | 1.46 | 1416 | 255 | 1671 |
| | കരാറുകാരൻ – എം.എം.ജോസഫ്<br>എം.ബി നമ്പർ – 296/18-19 | RS1-85.56 | 0.43 | | | |
| | എഗ്രി.നമ്പർ – 52/18-19<br>തീയതി - 6.10.2018 | VG30-656.51 | 4.06 | | | |
| | ചെലവ് - 170909/-<br>ട്രഷറി ബിൽ നമ്പർ -10/19.7.2019 | ആകെ | 5.95 | | | |
| 7 | 158/20 – കരുവാൻപടി ശാസ്താ റോഡ് മെറ്റലിങ്ങ്, ടാറിങ്ങ് | SS1-254.38 | 1.4 | 1359 | 245 | 1604 |
| | കരാറുകാരൻ – എം.എം.ജോസഫ്<br>എം.ബി നമ്പർ – 300/18-19 | RS1-82.79 | 0.41 | | | |
| | എഗ്രി.നമ്പർ – 01/18-19<br>തീയതി - 14.8.18 | VG30-631.41 | 3.9 | | | |
| | ചെലവ് - 199271/-<br>ട്രഷറി ബിൽ നമ്പർ -11/19.7.2019 | ആകെ | 5.71 | | | |
| 8. | 156/20 – കണ്ണേരി റോഡ് സോളിങ്ങ് ടാറിങ്ങ് | SS1-117.64 | 0.65 | 628 | 113 | 741 |
| | കരാറുകാരൻ – എം.എം.ജോസഫ്<br>എം.ബി നമ്പർ – 295/18-19 | RS1-38.06 | 0.19 | | | |
| | എഗ്രി.നമ്പർ – 46/18-19<br>തീയതി - 6.10.18 | VG30-292.02 | 1.8 | | | |
| | ചെലവ് - 109799/-<br>ട്രഷറി ബിൽ നമ്പർ -12/19.7.19 | ആകെ | 2.64 | | | |

| | | | | | | |
|---|---|---|---|---|---|---|
| 9 | 150/20 – കണ്ടംചിറപ്പടി റോഡ് റീടാറിങ്ങ് | SS1-487.09 | 2.69 | 2837 | 511 | 3348 |
| | കരാറുകാരൻ – എം.എ.മുഹമ്മദ് എം.ബി നമ്പർ – 150/18-19, 321/18-19 | RS1-171.3 | 0.86 | | | |
| | എഗ്രി.നമ്പർ – 70/18-19 തീയതി - 04.02.2019 | VG30-1355 | 8.37 | | | |
| | ചെലവ് - 494890/- ട്രഷറി ബിൽ നമ്പർ -14/19.8.2019 | ആകെ | 11.92 | | | |
| 10 | 178/20 – മേലേമുറി പാറ റോഡ് റീടാറിങ്ങ് കരാറുകാരൻ – അബ്ദുൾ റസാക്ക് | RS1-214.56 | 1.07 | 3651 | 657 | 4308 |
| | എംബി നമ്പർ – 207/19-20 എഗ്രി.നമ്പർ – 2/19-20 തീയതി - 25.9.2019 | VG30-2309.22 | 14.27 | | | |
| | ചെലവ് - 263223/- ട്രഷറി ബിൽ നമ്പർ -26/14.1.2020 27/14.1.2020 | ആകെ | 15.34 | | | |
| 11 | 75/20 – പള്ളിഞ്ഞാലിൽ റോഡ് റീടാറിങ്ങ് & സൈഡ് കെട്ടൽ കരാറുകാരൻ – എം.എ.മുഹമ്മദ് | RS1-100.575 | 0.50 | 1678 | 302 | 1980 |
| | എം.ബി നമ്പർ – 258/19-20 എഗ്രി.നമ്പർ – 16/19-20 | VG30-1059.15 | 6.55 | | | |
| | തീയതി - 05.11.2019 ചെലവ് - 247649/- ട്രഷറി ബിൽ നമ്പർ -28/17.1.2020 | ആകെ | 7.05 | | | |
| 12 | 179/20 – പാറക്കടവ് അപ്പത്ത്പടി റോഡ് റീടാറിങ്ങ് | RS1-161.69 | 0.81 | 2754 | 496 | 3250 |

| | | | | | | |
|---|---|---|---|---|---|---|
| | കരാറുകാരൻ – അബ്ദുൾറസാക്ക്<br>എം.ബി നമ്പർ 206/19-20<br>എഗ്രി.നമ്പർ – 04/19-20<br>തീയതി - 25.9.2019<br>ചെലവ് - 198560/-<br>ട്രഷറി ബിൽ നമ്പർ -29/17.1.20 | VG30-1741.79<br>ആകെ | 10.76<br>11.57 | | | |
| 13 | 57/20 – പന്തലാംമൂച്ചി റോഡിൽ മേലേമുറി അംഗൻവാടി പണ്ടാരമ്പലം റോഡ് റീടാറിങ്ങ്<br>കരാറുകാരൻ – എം.എ.മുഹമ്മദ്<br>എം.ബി നമ്പർ – 208/19-20<br>എഗ്രി.നമ്പർ – 20/19-20<br>തീയതി - 05.11.2019<br>ചെലവ് - 299561/-<br>ട്രഷറി ബിൽ നമ്പർ - 33/17.1.2020 | RS1-208.125<br>VG30-2283.88<br>ആകെ | 1.04<br>14.12<br>15.16 | 3608 | 649 | 4257 |
| 14 | 176/20 – പ്ലാപ്പടത്ത് പടി റോഡ് റീടാറിങ്ങ്<br>കരാറുകാരൻ – അബ്ദുൾ റസാക്ക്<br>എം.ബി നമ്പർ – 257/19-20<br>എഗ്രി.നമ്പർ - 1/19-20<br>തീയതി - 25.9.2019<br>ചെലവ് - 490015/-<br>ട്രഷറി ബിൽ നമ്പർ -36/17.1.2020 | RS1-380.228<br>VG30-4026.93<br>ആകെ | 1.9<br>24.89<br>26.79 | 6376 | 1148 | 7524 |
| 15 | 95/20 – പന്തലാംമൂച്ചി റോഡ് സൈഡ് കെട്ടി റീ ടാറിങ്ങ്<br>കരാറുകാരൻ – എം.എ.മുഹമ്മദ്<br>എം.ബി നമ്പർ – 200/19-20<br>എഗ്രി.നമ്പർ – | SS1-691.05<br>RS1-223.58<br>VG30-1715.43 | 3.82<br>1.12<br>10.6 | 3699 | 666 | 4365 |

| | | | | | | |
|---|---|---|---|---|---|---|
| | 17/19-20<br>തീയതി - 05.11.2019<br>ചെലവ് - 332131/-<br>വൌച്ചർ നമ്പർ – ലഭ്യമല്ല. | ആകെ | 15.54 | | | |
| 16 | 48/20 – സെന്റ് തോമസ് ഹൈസ്കൂൾ റോഡ് മെറ്റലിങ്ങ് ടാറിങ്ങ്<br>കരാറുകാരൻ – എം.എ.മുഹമ്മദ്<br>എം.ബി നമ്പർ – 198/19-20<br>എഗ്രി.നമ്പർ – 18/19-20<br>തീയതി - 5.11.19<br>ചെലവ് - 280684/-<br>ട്രഷറി ബിൽ നമ്പർ -41/21.1.20 | SS1-421.26<br>RS1-136.29<br>VG30-1045.72<br>ആകെ | 2.33<br>0.68<br>6.46<br>9.47 | 2254 | 406 | 2660 |
| 17 | 72/20 – കാര്യാട്ടിരിപ്പടി റോഡ് മെറ്റലിങ്ങ് ടാറിങ്ങ്<br>കരാറുകാരൻ – എം.എ.മുഹമ്മദ്<br>എംബി നമ്പർ – 201/19-20<br>എഗ്രി.നമ്പർ – 21/19-20<br>തീയതി - 11.5.2019<br>ചെലവ് - 279629/-<br>ട്രഷറി ബിൽ നമ്പർ -42/21.1.2020 | SS1-271.70<br>RS1-87.90<br>VG30-674.46<br>ആകെ | 1.5<br>0.44<br>4.17<br>6.11 | 1454 | 262 | 1716 |
| 18 | 56/20 – മുണ്ടേങ്ങോട്ട് ഫാം റോഡ് മെറ്റലിങ്ങ് ടാറിങ്ങ്<br>കരാറുകാരൻ – മണികണ്ഠൻ<br>എം.ബി നമ്പർ – 188/19-20<br>എഗ്രി.നമ്പർ – 27/19-20<br>തീയതി - 12.11.2019<br>ചെലവ് - 249905/-<br>ട്രഷറി ബിൽ നമ്പർ | SS1-369.5<br>RS1-119.54<br>VG30-917.22<br>ആകെ | 2.04<br>0.60<br>5.67<br>8.31 | 1978 | 356 | 2334 |

| | | | | | | |
|---|---|---|---|---|---|---|
| | -46/29.1.2020 | | | | | |
| 19 | 65/20 – ചേലക്കോട് പഴയ കോളനി റോഡ് റീടാറിങ്ങ് കരാറുകാരൻ – കെ.എം.ജോസഫ് എം.ബി നമ്പർ – 197/19-20 എഗ്രി.നമ്പർ – 33/19-20 തീയതി - 14.11.2019 ചെലവ് - 193644/- ട്രഷറി ബിൽ നമ്പർ -52/29.1.20 | RS1-142.75 | 0.71 | 2378 | 428 | 2806 |
| | | VG30-1501.71 | 9.28 | | | |
| | | ആകെ | 9.99 | | | |
| | ആകെ | | | 46280 | 8332 | 54612 |

ഇു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 5/20.11.2021-ന് മറുപടി ലഭ്യമാക്കിയില്ല. മുകളിൽ പറഞ്ഞ പ്രകാരം 54612 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-29 വി.ഇ.ഒ ചേലക്കോട് സർക്കിൾ - ധനസഹായ വിതരണ രജിസ്റ്ററിലെയും ഫയലുകളിലെയും പരിപാലനത്തിലെ പോരായ്മകൾ

ഓഡിറ്റിന് ലഭ്യമാക്കിയ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മിക്കുന്നതിന് ധനസഹായം അനുവദിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററിലും ഗുണഭോക്താക്കളുടെ ഫയലുകളിലും താഴെ പറയുന്ന പോരായ്മകൾ ഉണ്ട്.

1. താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചെങ്കിലും ആയത് ഗുണഭോക്തൃ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | തുക | വൗച്ചർനം./തീയതി |
|---|---|---|---|
| 1 | ജ്യോതിലക്ഷ്മി, പുളിക്കൽ | 1,00,000/ | 21900825/28.11.19 |
| 2 | വിജയ, ഭ്രദാൻ കോളനി | 17,450/- | 21900827/28.11.19 |

2. ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചത് സംബന്ധിച്ച ഫയലുകളിൽ നിർവ്വഹണ ഉദ്യോഗസ്ഥയുടെ പരിശോധനറിപ്പോർട്ട്, പൂർത്തീകരിച്ചതായുള്ള റിപ്പോർട്ട് എന്നിവ ഇല്ല.

3. ഓഡിറ്റിന് ലഭ്യമാക്കിയ ലൈഫിന്റെ ഗുണഭോക്തൃ രജിസ്റ്റർ പ്രകാരം പദ്ധതിയുടെ ധനസഹായ തുകയായ നാല് ലക്ഷം രൂപയും അനുവദിച്ചിട്ടും താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചതായി രേഖപ്പെടുത്തിയിട്ടില്ല.

I) ഹംസവല്ലി, ഭ്രദാൻ കോളനി

Ii)സാലി, പറംപുറത്ത് വീട്

Iii) സുശീല, പുത്തൻവീട്ടിൽ

Iv) സജിനി, കൊളക്കാട്ടിൽ വീട്

V) കാർത്ത്യായനി, കാര്യാട്ടിരി ഹൗസ്

Vi) ദേവയാനി, മാങ്കുന്നത്ത് വീട്

Vii) വിശാലാക്ഷി, കുന്നത്ത് വീട്

Viii) ബിന്ദു, ,കരുവാൻ പുരയ്ക്കൽ വീട്

Ix) അച്ചുതകുമാരൻ, കിഴക്കേക്കുഴിയിൽ വീട്

X) രജനി, പത്തായപ്പുര മൂത്തേടത്ത്

Xi) അനിത, കുളത്തിങ്കൽ വീട്

Xii) ആമിന, നരിക്കുന്നത്ത് വീട്

Xiii) രാജലക്ഷ്മി, പൂവ്വത്തിങ്കൽ വീട്

Xiv) ജിഷ, കുന്നത്ത് പുത്തൻവീട്ടിൽ

ഭവനനിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തി ആധികാരികമാക്കേണ്ടതുമാണ്.

മേൽ അപാകതകൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല
(നം. 29/24.11.21). അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-30 ഗവ.യു.പി.സ്കൂളിൽ സോളാർ സ്ഥാപിക്കൽ - മോണിറ്ററിംഗ് നടത്തേണ്ടതും പ്രവർത്തനക്ഷമത ഉറപ്പ് വരുത്തേണ്ടതുമാണ്.

| | |
|---|---|
| പ്രൊജക്ട് | ഗവ.യു.പി.സ്കൂൾ സോളാർ സ്ഥാപിക്കൽ (പ്രൊജക്ട് നമ്പർ-142/20)- സ്പിൽ ഓവർ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ.യു.പി.സ്കൂൾ |

ഗവ.യുപി സ്കൂളിൽ 4KW ഉത്പാദന ശേഷിയുള്ള സോളാർ ഓൺഗ്രിഡ് പവർപ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി ഉത്പാദനത്തിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. അനെർട്ട് അംഗീകൃത ഏജൻസിയായ ആൾട്ടർനേറ്റ് എനർജി കോർപ്പറേഷൻ, അങ്കമാലി എന്ന സ്ഥാപനമാണ് സോളാർ പവർ പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളത്. കരാർ തുക 2,78,000/- രൂപയാണ്. കരാറിലെ വ്യവസ്ഥകൾ പ്രകാരം സോളാർ പവർ പ്ലാന്റിന് 5 വർഷത്തെ വാറന്റിയും സോളാർ മോഡ്യൂളിന് 10 വർഷത്തിന് ശേഷം 90% റേറ്റഡ് ഔട്ട് പുട്ടും, 25 വർഷത്തിനു ശേഷം 80% റേറ്റഡ് ഔട്ടുപുട്ടും ലഭ്യമാകുന്നതാണ്. വാറന്റി കാലയളവിനുള്ളിൽ 6 മാസത്തിലൊരിക്കലെങ്കിലും സർവീസും, പവർ പ്ലാന്റിന് ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടായാൽ 7 ദിവസത്തിനുള്ളിൽ പരിഹാരവും കരാർ പ്രകാരം ഉറപ്പ് നൽകുന്നു.

ടി പദ്ധതി സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ അന്വേഷിച്ചിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് അന്വേഷണം നം. 23/23.11.21)

(I) നിലവിലുള്ള പദ്ധതി മാർഗ്ഗരേഖ പ്രകാരം സോളാർ എനർജിയുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾക്ക് സാങ്കേതിക അനുമതി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർ കൺവീനറായിട്ടുള്ള സമിതിയിൽ നിന്നും നേടേണ്ടതാണ്. മേൽ പ്രൊജക്ടിന് സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ടോ ?

(Ii) സോളാർ സിസ്റ്റം കമ്മീഷനിംഗ് റിപ്പോർട്ട് അനെർട്ടിന് കൈമാറിയിട്ടുണ്ടോ ? മേൽ പദ്ധതിക്കായി അനെർട്ടിൽ നിന്നും അർഹമായ സബ്സിഡി ലഭ്യമായിട്ടുണ്ടോ ?

(Iii) ഓൺ ഗ്രിഡ് പദ്ധതിയായി നടപ്പാക്കുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ?

(Iv) നിലവിൽ സോളാർ പ്ലാന്റ് തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ടോ ?

മേൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. പദ്ധതിയുടെ തുടർ പ്രവർത്തനങ്ങളിൽ മോണിറ്ററിംഗ് സമിതി ശ്രദ്ധ പുലർത്തേണ്ടതും പദ്ധതി ഉത്പാദനക്ഷമമായി നിലനിൽക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-31 മരാമത്ത് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി വൈകിയതിന് നിയമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ
കേരള പൊതുമരാമത്ത് മാന്വൽ 2012ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി നീട്ടി നൽകാവുന്നത്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്.

ആദ്യതവണ ആകെ അനുവദിച്ച സമയത്തിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് ആകെ അനുവദിച്ച സമയത്തിന്റെ 25% അനുവദിക്കുമ്പോൾ PACയുടെ 2% പിഴ ഈടാക്കേണ്ടതാണ്. താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലവധി നീട്ടി നിയമപ്രകാരം നീട്ടി നൽകുകയോ പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | എഗ്രിമെന്റ് തീയതി | പൂർത്തീ കരി | പൂർത്തീ കരിച്ച | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | ക്കേണ്ട തിയതി | തിയതി | |
| 1 | 127/20 – ചാത്തൻപ്ലാക്കൽ റോഡ് കോൺക്രീറ്റിങ്ങ്<br>അടങ്കൽ – 188000/-<br>ചെലവ് – 187692/-<br>ട്രഷറി ബിൽ നമ്പർ- 2/28.6.2019<br>കരാറുകാരൻ – എം എം ജോസഫ്<br>എഗ്രിമെന്റ് നമ്പർ – 05/18-19 തീയതി 14.08.2018<br>അളവ് പുസ്തകം – 314/18-19<br>PAC – 186447/- | 14.08.2018 | 13.02.2019 | 18.03.2019 | 1864 |

മുകളിൽ പറഞ്ഞുപ്രകാരം പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 8/20.11.2021 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. പിഴയിനത്തിൽ 1864 രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-32 അസി.എഞ്ചിനീയർ - രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികളുടെ ചെലവ് പരിശോധനയുടെ ഭാഗമായി രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ പൊതുവായി കാണപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) കരാറുകാരുമായുള്ള എഗ്രിമെന്റിന്റെ ഭാഗമായി പ്രവർത്തന കലണ്ടർ തയ്യാറാക്കിയിട്ടില്ല.

2) അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി വാങ്ങിയിട്ടുള്ള സാധനസാമഗ്രികളുടെ വിവരങ്ങൾ ചേർത്ത് സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

3) പദ്ധതി നിർവ്വഹണത്തിനും റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല.

4) ക്യാഷ് ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല. തുകകൾ വരവ് വന്ന തീയതി, ചെക്ക് നമ്പർ/ട്രഷറി ബിൽ നമ്പർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്ന രീതിയിൽ ക്യാഷ് ബുക്ക് എഴുതുന്നില്ല. ക്യാഷ് ബുക്ക് ദിവസ, മാസ, വാർഷിക അടിസ്ഥാനത്തിൽ ക്ലോസ് ചെയ്ത് സൂക്ഷിക്കുന്നില്ല.

5) എഗ്രിമെന്റിലോ, എഗ്രിമെന്റ് രജിസ്റ്ററിലോ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി ചേർക്കുന്നില്ല.

6) കരാറുകാർക്ക് പ്രവൃത്തി ഏല്പിച്ച നൽകുന്നതിന് സെലക്ഷൻ നോട്ടീസ് അയക്കുമ്പോൾ തീയതി രേഖപ്പെടുത്തുന്നില്ല. ഇക്കാരണത്താൽ നിശ്ചിത സമയപരിധിയ്ക്കകം കരാർ വയ്ക്കുന്നുണ്ടോ എന്ന് പരിശോധിക്കാനാകുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/22.11.2021) മറുപടിയായി അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. രജിസ്റ്ററുകളും രേഖകളും യഥാവിധി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-33 ദുരിതാശ്വാസ നിധി രൂപീകരണം സംബന്ധിച്ച്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 166 ാം വകുപ്പ് പ്രകാരം, പ്രസ്തുത നിയമത്തിന്റെ മൂന്നാം പട്ടികയിൽ ഇനം

തിരിച്ച പറഞ്ഞിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ താമസക്കാർക്ക് ആവശ്യമായ സേവനങ്ങൾ ചെയ്യേണ്ടത് ഗ്രാമ പഞ്ചായത്തിന്റെ കർത്തവ്യമാണ്.

ഇതേ നിയമത്തിലെ 177 ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്തിന്, അതിന്റെ ഫണ്ട് ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കാമോ അങ്ങനെയുള്ള ആവശ്യങ്ങളിൽ ഏതെങ്കിലും മുമ്പോട്ടു കൊണ്ടുപോകുന്നതുമായി മാത്രം ബന്ധപ്പെട്ട സംഭാവനകളും ട്രസ്റ്റുകളും സ്വീകരിക്കാവുന്നതും അവ ആ ആവശ്യങ്ങൾക്കായി മാത്രം വിനിയോഗിക്കേണ്ടതുമാണ്.

ഈ വകുപ്പുകൾ നൽകിയ അധികാരം ഉപയോഗിച്ച് സംസ്ഥാന സർക്കാർ 2003 ൽ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പാസ്സാക്കിയിട്ടുള്ളതാണ്. പ്രസ്തുത ചട്ടപ്രകാരം (ചട്ടം 3 പ്രകാരം) ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ വിശദവിവരം, നാളിതുവരെ പ്രസ്തുത ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയുടെ വിവരം എന്നിവ അറിയിക്കുവാനും ഓഡിറ്റ് അന്വേഷണം നമ്പർ 14/22.11.2021 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി താഴെ പറയുന്ന വിവരങ്ങൾ അറിയിച്ചിട്ടുണ്ട്.

1. കൊണ്ടാഴി സർവ്വീസ് സഹകരണ ബാങ്കിലെ അക്കൗണ്ട് നമ്പർ 102100010008403 പ്രകാരം 12.11.2014-ൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്.

2. 15.6.2021 വരെ ടി അക്കൗണ്ടിൽ നിന്നും ചെലവുകളൊന്നും നടത്തിയിട്ടില്ല. 19.11.2021 വരെ ടി അക്കൗണ്ടിൽ ആകെ 285815 രൂപ വരവും 221335 രൂപ ചെലവും 64480 രൂപ നീക്കിയിരിപ്പുമുണ്ട്.

3. കോവിഡ് വ്യാപനം മൂലം ദുരിതമനുഭവിക്കുന്നവർക്ക് സൗജന്യഭക്ഷണം നൽകുന്നതിനു വേണ്ടിയാണ് നിലവിൽ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനകൾ ലഭിക്കുന്നതും തുക ചെലവഴിക്കുന്നതും.

സൗജന്യ ഭക്ഷണത്തിനു പുറമേ, ദുരിതാശ്വാസ നിധിയിൽ നിന്നും അർഹതയുള്ള എല്ലാവർക്കും സഹായം നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 മരാമത്ത് പ്രവൃത്തിയുടെ ഫയൽ ഹാജരാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 212/20 പ്രകാരം നടപ്പാക്കിയ കുളിക്കുന്ന് കുടിവെള്ള പദ്ധതിക്കായി തനത് ഫണ്ടിൽ നിന്നും 113210 രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽ പ്രവൃത്തിയുടെ ഫയൽ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. വർക്ക് ഫയൽ, പഞ്ചായത്തിൽ നിന്നും ടി പ്രവൃത്തിക്കായി ലഭിച്ച തുകയുടെ വിശദാംശങ്ങൾ എന്നിവ ഓഡിറ്റിൽ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 42/25.11.2021 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ഫയൽ ഹാജരാക്കിയില്ല. ഫയൽ ഹാജരാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-35 ഇ-ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക പഞ്ചായത്തിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല

2019-20 സാമ്പത്തിക വർഷത്തിൽ ഇ-ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച 16660 രൂപ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ അക്കൗണ്ട് നമ്പർ 00000037122813823 എന്ന ബാങ്ക് അക്കൗണ്ടിൽ ഉള്ളതായി കാണുന്നു. ടി തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്.

## 1-36 വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

ജനകീയാസൂത്രണ പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾക്ക് പദ്ധതി ആസൂത്രണത്തിലും രൂപീകരണത്തിലും ഗുണഭോക്തൃതെരഞ്ഞെടുപ്പിലും മേൽ നോട്ടത്തിലും വളരെ വലിയ പങ്കാണ് വഹിക്കാനുള്ളത്. ഓരോ വികസന മേഖലയും നേരിടുന്ന വെല്ലുവിളികൾ, വികസനത്തിലെ നിലവിലുള്ള വിടവുകൾ, വികസനം മെച്ചപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ, സ്വീകരിക്കാവുന്ന തന്ത്രം എന്നിവ ഉൾപ്പെടുത്തിയ സ്റ്റാറ്റസ് റിപ്പോർട്ട് സ്ഥാപത്തിന് സമർപ്പിക്കുക, പൊതുജനങ്ങളുടെ നിർദ്ദേശം സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കുക, ചുമതലപ്പെട്ട മേഖലകളിലെ പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക, പ്രൊജക്ടുകളുടെ രൂപീകരണത്തിനുള്ള ഉപദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് നൽകുക, ഗുണഭോക്താക്കളുടെ മുൻഗണന പട്ടിക തയ്യാറാക്കുന്നതിന് തദ്ദേശ ഭരണസ്ഥാപനത്തെ സഹായിക്കുക മുതലായ പ്രധാനപ്പെട്ട ഉത്തരവാദിത്വങ്ങൾ ഏൽപ്പിക്കപ്പെട്ടവയാണ് വർക്കിംഗ് ഗ്രൂപ്പുകൾ. മാത്രമല്ല, പദ്ധതിരൂപീകരണം കഴിഞ്ഞാൽ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ടതും പദ്ധതി നിർവ്വഹണം ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ ഉത്തരവാദിത്വമാണ്. എന്നാൽ ടി ഉത്തരവാദിത്വങ്ങൾ ഫലപ്രദമായി നിർവ്വഹിക്കപ്പെടുന്നില്ല എന്ന് വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധനയിൽ വ്യക്തമായി. ഉദാഹരണമായി ദാരിദ്ര്യ ലഘൂകരണം, വിദ്യാഭ്യാസം – സംസ്കാരം – കല – കായികം – വിനോദം – യുവജനക്ഷേമം എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | യോഗ തീയതി | മിനുട്സ് പ്രകാരമുള്ള പ്രധാന പ്രവർത്തനങ്ങൾ |
|---|---|---|
| ദാരിദ്ര്യ | 10.10.18 | 3 പേർ പങ്കെടുത്തു. |

| | | |
|---|---|---|
| ലഘൂകരണം | | യോഗത്തിന്റെ നടപടിക്രമങ്ങളോ തീരുമാനങ്ങളോ രേഖപ്പെടുത്തിയിട്ടില്ല. |
| | രേഖപ്പെടുത്തിയിട്ടില്ല | 10 പേർ പങ്കെടുത്തു. നിർദ്ദേശങ്ങൾ എഴുതി ചേർത്തിട്ടുണ്ടെങ്കിലും സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| വിദ്യാഭ്യാസം-സംസ്കാരം-കല-കായികം-വിനോദം-യുവജനക്ഷേമം | 10.10.18 | വാർഷിക പദ്ധതി രൂപീകരണ യോഗം. നിർദ്ദേശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. കൺവീനർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. |
| | രേഖപ്പെടുത്തിയിട്ടില്ല | വികസന സെമിനാറുമായി ബന്ധപ്പെട്ട് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം |
| | 16.07.19 | ഹാജർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മിനുട്സ് രേഖപ്പെടുത്തിയില്ല |

എന്നാൽ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിലോ, പദ്ധതി മോണിറ്ററിംഗിലോ വർക്കിംഗ് ഗ്രൂപ്പിന് പങ്കാളിത്തമുള്ളതായി കാണുന്നില്ല. പ്രൊജക്ട് ഫയലുകളിൽ മോണിറ്ററിംഗ് നടന്നതായി വ്യക്തമാക്കുന്ന റിപ്പോർട്ടുകൾ ഇല്ല. പദ്ധതി ആസൂത്രണത്തിലും, ഗുണഭോക്തൃ തെരഞ്ഞെടുപ്പിലും പദ്ധതി മോണിറ്ററിംഗിലും വർക്കിംഗ് ഗ്രൂപ്പുകളുടെ സജീവ പങ്കാളിത്തം ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും ശ്രദ്ധ ഉണ്ടാകേണ്ടത് അത്യാവശ്യമാണ്.

## 1-37 എസ്.എസ്.എ പദ്ധതി - പദ്ധതി പ്രവർത്തനങ്ങൾ മോണിറ്ററിംഗ് നടത്തേണ്ടതും ആവശ്യമായ വിഹിതം വകയിരുത്തേണ്ടതുമാണ്.

| | |
|---|---|
| പ്രൊജക്ട് | 1. എസ്.എസ്.എ വിഹിതം (ജനറൽ)-(പ്രൊ.നം.06/20)<br>2. എസ്.എസ്.എ വിഹിതം (എസ്.സി.പി)- (പ്രൊ.നം.08/20) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ.യു.പി.സ്കൂൾ |
| വൗച്ചർ നമ്പർ, തുക | 21900769/20-07-19- 2,00,000/-<br>21900770/20-07-19- 2,00,000/- |

2019-20 വർഷത്തിൽ നടപ്പാക്കിയ മേൽ പദ്ധതികൾ പ്രകാരം എസ്.എസ്.എ പദ്ധതിക്കായി വികസനഫണ്ട് (ജനറൽ) വിഭാഗത്തിൽ നിന്നും വികസന ഫണ്ട് എസ്.സി.പി.യിൽ നിന്നും രണ്ട് ലക്ഷം രൂപ വീതമാണ് ചെലവഴിച്ചിട്ടുള്ളത്. എന്നാൽ എസ്.എസ്.എ യുടെ ഡി-110/എസ്.എസ്.കെ/തൃശ്ശൂർ/19-20 തീയതി 24/06/19 നമ്പർ കത്ത് പ്രകാരം എസ്.എസ്.എ ഗ്രാമപഞ്ചായത്ത് വിഹിതമായി നൽകേണ്ടത് 1083120/- രൂപയാണ്. എന്നാൽ മേൽ പ്രസ്താവിച്ച പ്രകാരം ഗ്രാമപഞ്ചായത്ത് അനുവദിച്ചിരിക്കുന്നത് 400000/- രൂപ മാത്രമാണ്. തുക കുറവായി അനുവദിച്ചത് വിദ്യാഭ്യാസ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടോ എന്നും ആയത് സംബന്ധിച്ച് മോണിറ്ററിംഗ് നടത്തിയിട്ടുണ്ടോ എന്നും അറിയിക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും (ഓഡിറ്റ് അന്വേഷണം നം. 23/23.11.2021) മറുപടി ലഭ്യമാക്കിയില്ല. മേൽ വിഷയം സംബന്ധിച്ച് മോണിറ്ററിംഗ് നടത്തേണ്ടതും എസ്.എസ്.എ പദ്ധതിക്ക് ആവശ്യമായ വിഹിതം വകയിരുത്തേണ്ടതാണ്.

## 1-38 എസ്.എസ്.എ പദ്ധതി - പട്ടികജാതി വിദ്യാർത്ഥികൾക്ക് ആനുപാതികമായി മാത്രം എസ്.സി.പി. ഫണ്ട് വകയിരുത്തേണ്ടതാണ്.

2019-20 വർഷത്തിൽ ജനറൽ ഫണ്ടിൽ നിന്നും എസ്.സി.പി ഫണ്ടിൽ നിന്നും തുല്യമായാണ് എസ്.എസ്.എ യ്ക്ക്

വിഹിതം അടവാക്കിയിരിക്കുന്നത്. എസ്.എസ്.എ പദ്ധതി നടപ്പാക്കുന്ന സ്കൂളുകളിലെ എസ്.സി. വിദ്യാർത്ഥികളുടെയും ജനറൽ വിഭാഗം വിദ്യാർത്ഥികളുടെയും അനുപാതം തയ്യാറാക്കിയിട്ടുണ്ടോ എന്നും ആയതിനനുസരിച്ചാണോ എസ്.സി.പി ഫണ്ട് വകയിരുത്തിയിരിക്കുന്നത് എന്നും അറിയിക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും (ഓഡിറ്റ് അന്വേഷണം നമ്പർ-23/23.11.2021) മറുപടി ലഭ്യമാക്കിയില്ല. ആയതിന് മറുപടി ലഭ്യമാക്കേണ്ടതും എസ്.സി.പി ഫണ്ട് പട്ടികജാതി വിദ്യാർത്ഥികൾക്ക് മാത്രമായി വിനിയോഗിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-39 എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - വിതരണം ചെയ്യാതെ അവശേഷിക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - (പ്രൊജക്ട്.നം..139/20) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ.യു.പി.സ്കൂൾ |
| വൗച്ചർ നമ്പർ, തുക | 21900766/18-07-19– 3,93,472/- (എസ്.സി.പി)<br>21900352/21-08-19 - 88,712/-(തനത് ഫണ്ട്) |
| ആകെ | 4,82,184 |

മേൽ പദ്ധതിയിൽ Nisdon Infoway എന്ന സ്ഥാപനത്തിൽ നിന്നും 18 ലാപ്ടോപ്പുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ 17 ലാപ്ടോപ്പുകൾ വിതരണം ചെയ്തതിന്റെ കൈപ്പറ്റ് രസീതുകൾ മാത്രമാണ് ഫയലിൽ ഉള്ളത്. ലാപ്ടോപ്പുകളുടെ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കേണ്ടതും മേൽ വിഷയം സംബന്ധിച്ച് മറുപടി നൽകേണ്ടതുമാണ്. മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് അന്വേഷണം നം. 23/23.11.21). രേഖകൾ ലഭ്യമാക്കുന്നത് വരെ ഒരു ലാപ്ടോപ്പിന്റെ വിലയായ 26,788/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-40 എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ലാപ്ടോപ്പുകൾ വിതരണം ചെയ്തു

| | |
|---|---|
| പ്രൊജക്ട് | എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - (പ്രൊജക്ട്.നം.139/20) (സ്പിൽ ഓവർ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ.യു.പി.സ്കൂൾ |
| വൗച്ചർ നമ്പർ, തുക | 21900766/18-07-19– 3,93,472/- (എസ്.സി.പി)<br>21900352/21-08-19 - 88,712/- (തനത് ഫണ്ട്)<br>ആകെ 4,82,184 |

ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തരബിരുദം), ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾ ഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ / എയ്ഡഡ്/ സ്വാശ്രയ സ്ഥാപനങ്ങളിലോ സർവകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ

പഠിക്കുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ്പിന് അർഹത. എന്നാൽ ടി പദ്ധതിയിൽ ഉൾപ്പെടുത്തി ലാപ്ടോപ്പ് വിതരണം ചെയ്ത താഴെ പറയുന്ന ഗുണഭോക്താക്കളുടെ ഫയലിലെ സ്കൂൾ സാക്ഷ്യപത്ര പ്രകാരം 2018-19 വർഷത്തിൽ ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥിനികളാണ്. വിവരങ്ങൾ താഴെ ചേർക്കുന്നു.

1. ശ്രുതിക എം.എസ്. D/o ശശി, മുത്തങ്ങക്കുണ്ടിൽ , ചേലക്കോട് - ജി.എച്ച്.എച്ച്.എസ്, പഴയന്നൂർ .

2. ജ്യോതിക പി.എം. D/o മണികണ്ഠൻ, ചേലക്കോട് - എസ്.എം.ടി. ജി.എച്ച്.എച്ച്.എസ് ചേലക്കര .

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം. 23/23.11.21) മറുപടി ലഭ്യമാക്കിയില്ല. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ലാപ്ടോപ്പ് വിതരണം ചെയ്യുവാൻ ഇടയായ സാഹചര്യം വ്യക്തമാക്കി മറുപടി നൽകേണ്ടതും ആയത് സാധൂകരിക്കുന്നത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. രേഖകൾ ലഭ്യമാക്കുന്നത് വരെ രണ്ട് ലാപ്ടോപ്പുകൾക്കായി ചെലവഴിച്ച 53,576/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-41 എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - വിദ്യാർത്ഥികളുടെ യോഗ്യത തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ട് | എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - (പ്രൊജക്ട്.നം..139/20) (സ്പിൽ ഓവർ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ.യു.പി.സ്കൂൾ |
| വൗച്ചർ നമ്പർ, തുക | 21900766/18-07-19– 3,93,472/- (എസ്.സി.പി)<br>21900352/21-08-19 - 88,712/- (തനത് ഫണ്ട്)<br>ആകെ - 4,82,184 |

താഴെ പറയുന്ന വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഫിലിയേഷൻ സംബന്ധിച്ച വിവരമോ കോഴ്സ് അംഗീകൃതമാണെന്ന് സംബന്ധിച്ച യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകളോ ഫയലിൽ ഇല്ല.

| പേരും വിലാസവും | കോഴ്സിന്റെ പേര് | പഠിക്കുന്ന സ്ഥാപനത്തിന്റെ പേര് |
|---|---|---|
| സഞ്ജയ് എസ്. S/o സുന്ദരൻ, വീട്ടിക്കുന്ന് കോളനി, കൊണ്ടാഴി | ഡിപ്ലോമ ഇൻ ഓട്ടോമൊബൈൽ എൻജിനീയറിംഗ് കോഴ്സ് | ടെക് മേറ്റ് ഇൻസ്റ്റിറ്റ്യൂട്ട്, മദീന ടവർ, ഓപ്പോസിറ്റ് പോസ്റ്റ് ഓഫീസ്, ആർ.എസ്. റോഡ്, ഒറ്റപ്പാലം |
| മനീഷ വി.ആർ D/o രമേഷ്, വാഴാട് കോളനി, കൊണ്ടാഴി | ബി.കോം | ഒറ്റപ്പാലം കോ-ഓപ്പറേറ്റീവ് കോളേജ് ഓഫ് ആർട്സ് & സയൻസ് |

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.23/23.11.21) മറുപടി ലഭ്യമാക്കിയില്ല. മേൽ വിദ്യാർത്ഥികളുടെ കോഴ്സ് അംഗീകൃതമാണെന്നും സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം ലാപ്ടോപ്പ് ലഭിക്കുവാൻ അർഹരാണെന്നുമുള്ള രേഖകൾ ലഭ്യമാക്കുന്നത് വരെ രണ്ട് ലാപ്ടോപ്പുകളുടെ വിലയായ 53,576/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-42 തുടർ സാക്ഷരത പ്രവർത്തനങ്ങൾ - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രൊജക്ട് | തുടർസാക്ഷരത പ്രവർത്തനം - (പ്രൊജക്ട്.നം.141/20) (സ്പിൽ ഓവർ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ.യു.പി.സ്കൂൾ |
| വൗച്ചർ നമ്പർ, തുക | 21900767/18-07-19– 3900/- |

മേൽ പദ്ധതി പ്രകാരം 3900/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ചെലവ് രേഖകൾ ലഭ്യമാക്കിയില്ല. ചെലവ് രേഖകൾ ലഭ്യമാകുന്നത് വരെ ചെലവഴിച്ച തുകയായ 3900/- രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് അന്വേഷണം നം. 23/23.11.2021)

## 1-43 തുടർ സാക്ഷരത പ്രവർത്തനങ്ങൾ - രേഖകൾ ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രൊജക്ട് | തുടർസാക്ഷരത പ്രവർത്തനം - (പ്രൊജക്ട്.നം.11/20) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ.യു.പി.സ്കൂൾ |
| വൗച്ചർ നമ്പർ, തുക | 21901079/02-03-20- 18,069/- |

മേൽ പദ്ധതി പ്രകാരം പത്താംതരത്തിൽ 5 പഠിതാക്കൾക്കും ഹയർസെക്കണ്ടറി തലത്തിൽ 2 പഠിതാക്കൾക്കുമായി 13150/- രൂപ കോഴ്സ് ഫീസ് അടവാക്കിയിട്ടുണ്ട്. പഠിതാക്കളുടെ ഹാൾ ടിക്കറ്റുകൾ ഫയലിൽ ഇല്ല. രേഖകൾ ലഭ്യമാക്കുന്നതിനും പദ്ധതി ലക്ഷ്യം പൂർത്തിയാക്കിയോ എന്ന് അറിയിക്കുന്നതിനും ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. (ഓഡിറ്റ് അന്വേഷണം-23/23.11.2021). ഓഡിറ്റിന് രേഖകൾ ലഭ്യമാക്കേണ്ടതും ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-44 വീട്ടിക്കുന്ന് നഴ്സറി സ്കൂളിന് ഭക്ഷണം,യൂണിഫോം, പഠനോപകരണങ്ങൾ, കളിപ്പാട്ടം, പാഠ്യപുസ്തകങ്ങൾ, സ്റ്റേഷനറി, ഡസ്റ്റ്ബിൻ മുതലായവ വാങ്ങൽ - അപാകതകൾ

| | |
|---|---|
| പ്രൊജക്ട് | 1. വീട്ടിക്കുന്ന് നഴ്സറി സ്കൂളിന് ഭക്ഷണം, യൂണിഫോം, പഠനോപകരണങ്ങൾ, കളിപ്പാട്ടം, പാഠ്യപുസ്തകങ്ങൾ, സ്റ്റേഷനറി വാഹന സൗകര്യം മുതലായവ- (പ്രൊജക്ട് നം.129/20) -സ്പിൽ ഓവർ<br>2. വീട്ടിക്കുന്ന് നഴ്സറി സ്കൂളിന് ഭക്ഷണം, യൂണിഫോം, പഠനോപകരണങ്ങൾ, കളിപ്പാട്ടം, പാഠ്യപുസ്തകങ്ങൾ, സ്റ്റേഷനറി, ഡസ്റ്റ് ബിൻ മുതലായവ വാങ്ങൽ (പ്രൊജക്ട് നമ്പർ - 09/20) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ.യു.പി.സ്കൂൾ |

(I) (എ) വൗച്ചർ നം. 21900768/18.07.19 പ്രകാരം 33433/- രൂപ Rajeswari Readymades എന്ന സ്ഥാപനത്തിന് (അക്കൗണ്ട് നം. 67319110007) കൈമാറിയതായി ടി.ആർ-59(ഇ) ബിൽ പ്രകാരം കാണുന്നു (യു.ടി.ആർ സ്റ്റേറ്റ്മെന്റ് ലഭ്യമായിട്ടില്ല). എന്നാൽ ലഭ്യമാക്കിയ വൗച്ചറുകൾ പ്രകാരം ടി തുക ചെലവഴിച്ചിരിക്കുന്നത് ഭാരത് ഗിഫ്റ്റ് ഹൗസ്, തിരുവില്വാമല എന്ന സ്ഥാപനത്തിൽ നിന്നും പാത്രങ്ങൾ, വിവിധ സാധനങ്ങൾ മുതലായവ വാങ്ങിയതിനാണ്. ടി സ്ഥാപനത്തിന്റെ അക്കൗണ്ട് നമ്പർ വിവരങ്ങൾ മിസ്റ്റർ. അബ്ദുൾ ഗഫൂർ, അക്കൗണ്ട് നം. 0081053000023599 എന്നാണ് ഫയലിലെ മറ്റ് ചെലവ് രേഖകളിൽ നിന്നും വ്യക്തമാകുന്നത്. ആയത് സംബന്ധിച്ച് മറുപടി നൽകേണ്ടതാണ്.

(ബി) മേൽ ബിൽ തുകയിൽ ഉൾപ്പെട്ട 1691/20.03.2019 (Rs.7830/-) എന്ന ഇൻവോയ്സ് പ്രകാരം വാങ്ങിയ ഇനങ്ങൾ നഴ്സറി സ്കൂളിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

(Ii) വൗച്ചർ നം. 21901081/10.03.20 പ്രകാരം 44488/- രൂപ ഉണ്ണികൃഷ്ണൻ.കെ.കെ. എന്നയാൾക്ക് പ്രദീപ് & പ്രസീന സ്റ്റോർ, വീട്ടിക്കുന്ന് എന്ന സ്ഥാപനത്തിൽ നിന്നും ഭക്ഷ്യവസ്തുക്കൾ വാങ്ങിയ ഇനത്തിൽ നൽകിയിട്ടുണ്ട്. ടി തുകയിൽ ഉൾപ്പെട്ട ബിൽ നം.78/02.03.20 (Rs.4372), 79/02.03.20 (Rs. 4950/-) എന്ന ബില്ലുകൾ പ്രകാരം വാങ്ങിയ ഇനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

(Iii) നഴ്സറി സ്കൂളിലെ സ്റ്റോക്ക് രജിസ്റ്ററുകൾ തയ്യാറാക്കിയിരിക്കുന്നത് ഓരോ ഇനങ്ങളുടെയും ആകെ ലഭിച്ചത്, ഉപയോഗിച്ചത്, ബാലൻസ് സ്റ്റോക്ക് എന്നിവ പരിശോധിക്കാൻ കഴിയുന്ന രീതിയിൽ അല്ല.

(ഓഡിറ്റ് അന്വേഷണം നം. 23/23.11.21)
നഴ്സറി സ്കൂളിലേക്ക് വാങ്ങിയ പാത്രങ്ങൾ, മറ്റ് സാമഗ്രികൾ എന്നിവ കൃത്യമായി സ്റ്റോക്കിലെടുത്ത് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഭാവിയിൽ നഴ്സറി സ്കൂളിലേക്കാവശ്യമായ ഭക്ഷ്യവസ്തുക്കൾ, മറ്റ് സാധനങ്ങൾ എന്നിവ വാങ്ങുമ്പോൾ മേൽ അപാകതകൾ ഒഴിവാക്കേണ്ടതും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതുമാണ്.

## 1-45 താല്ക്കാലികമായി നിയമിച്ച ജീവനക്കാർക്ക് വേതനം അക്കൗണ്ടിലൂടെ അല്ലാതെ, പണമായി പിൻവലിച്ച് നേരിട്ട് നൽകി

2019-20 സാമ്പത്തിക വർഷത്തിൽ താല്ക്കാലികമായി നിയമിച്ച ജോയ്സി സെബാസ്റ്റ്യൻ, അനുജ എന്നിവർക്ക് വേതനം

അക്കൗണ്ടിലൂടെ അല്ലാതെ, പണമായി പിൻവലിച്ച് നേരിട്ട് നല്കിയിരിക്കുന്നു.

| ക്രമ നം | കാലയളവ് | നിയോഗിച്ച താല്ക്കാലിക ജീവനക്കാരുടെ പേരു വിവരം | താല്ക്കാലിക ജീവനക്കാർക്ക് അനുവദിച്ച ശമ്പളം | |
|---|---|---|---|---|
| | | | വൗച്ചർ നം. | തുക |
| 1 | ജനുവരി 2020 | ജോയ്സി സെബാസ്റ്റ്യൻ (12/19, 01/20 മാസങ്ങളിലെ വേതനം) | 21900893/ 07.02.20 | 31,820 |
| | | അനുജ (12/19, 01/20 മാസങ്ങളിലെ വേതനം) | 21900894/ 07.02.20 | 22,200 |
| 2 | ഫെബ്രുവരി 2020 | ജോയ്സി സെബാസ്റ്റ്യൻ | 21901125/ 30.03.20 | 17,020 |
| | ആകെ | | | 71,040 |

2011 കേരള പഞ്ചായത്തീരാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം-34(4), 34(5) എന്നിവ പ്രകാരം സാധ്യമായിടത്തോളം ക്യാഷ് പേയ്മെന്റ് ഒഴിവാക്കേണ്ടതാണെന്നും, സാധ്യമായിടത്തോളം ജീവനക്കാർക്കുള്ള എല്ലാ പണംകൊടുക്കലും അവരുടെ ബാങ്ക് അക്കൗണ്ടിലേക്കുള്ള പണംമാറ്റം വഴി നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുള്ളതാണ്. മേൽ പറഞ്ഞവർക്ക് ചട്ടങ്ങൾക്ക് വിരുദ്ധമായി വേതനം പണമായി നല്കിയതിന്റെ കാരണം അറിയിച്ചിട്ടില്ലാത്തതാണ്.

മേൽ പരാമർശിച്ച വൗച്ചറുകൾക്കൊപ്പം നിയമന ഉത്തരവുകളോ, ഏതു ഒഴിവിലേയ്ക്ക് നിയമിച്ചിരിക്കുന്നതെന്നോ ആയ വിവരങ്ങളോ, ജീവനക്കാരന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങളോ, മേൽ വിലാസം തെളിയിക്കുന്ന രേഖകളോ ലഭ്യമാക്കിയിട്ടില്ലാത്തതാണ്. മേൽ വിഷയങ്ങൾ സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കുന്നതു വരെ മേൽ പട്ടികപ്പെടുത്തിയ പ്രകാരം അനുവദിച്ച ₹71,040/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.43/25.11.2021)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയില്ല - 54612 രൂപ നഷ്ടം

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

PRICE സോഫ്റ്റ് വെയർ മുഖേന തയ്യാറാക്കിയിട്ടുള്ള റോഡ് നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമിൻ റേറ്റാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലുകളുടെ വില ഈടാക്കേണ്ടതുണ്ട്. താഴെ പറയുന്ന പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ വിവരം | ബിറ്റുമിന്റെ അളവ് (Kg) | ഉപയോഗിച്ച ടാർ ബാരലുകളുടെ എണ്ണം | വില (@ Rs.238) | ജി എസ് ടി (18%) | ആകെ |
|---|---|---|---|---|---|---|
| 1. | 160/20 – കൊച്ചപ്പൻ പൊന്നംകുന്ന് | SS1-543.61 | 3.36 | 2994 | 539 | 3533 |

| | | | | | | |
|---|---|---|---|---|---|---|
| | റോഡ് സോളിങ്ങ്, മെറ്റലിങ്ങ്, ടാറിങ്ങ് കരാറുകാരൻ - പി എസ് പളനിസ്വാമി എംബി നമ്പർ - 286/18-19 എഗ്രി.നമ്പർ - 31/18-19 തീയതി 11.9.2018 ചെലവ് - 399114/- ട്രഷറി ബിൽ നമ്പർ - 3/19.7.2019 | RS1-175.87<br>VG30-1349.14<br>ആകെ | 0.88<br>8.34<br>12.58 | | | |
| 2. | 159/20 - തുളംകോട് റോഡ് ടാറിങ്ങ് കരാറുകാരൻ - എം എ മുഹമ്മദ് എംബി നമ്പർ - 315/18-19 എഗ്രി.നമ്പർ - 71/18-19 തീയതി - 04.02.19 ചെലവ് - 285101/- ട്രഷറി ബിൽ നമ്പർ - 4/19.7.2019 5/19.7.2019 | SS1 – 380.65<br>RS1 – 123.15<br>VG30 – 944.9<br>ആകെ | 2.1<br>0.62<br>5.84<br>8.56 | 2037 | 367 | 2404 |
| 3. | 157/20 - ഇല്ലിക്കൽ ചാമി റോഡ് ടാറിങ്ങ് കരാറുകാരൻ - എം എം ജോസഫ് എംബി നമ്പർ - 297/18-19 എഗ്രി.നമ്പർ - 51/18-19 തീയതി - 6.10.2018 | SS1 – 274.25<br>RS1 – 88.72<br>VG30 – 680.78 | 1.52<br>0.44<br>4.21 | 1468 | 264 | 1732 |

| | | | | | | |
|---|---|---|---|---|---|---|
| | ചെലവ് - 181654/-<br>ട്രഷറി ബിൽ നമ്പർ - 7/19.7.2019 | ആകെ | 6.17 | | | |
| 4. | 163/20 - വടക്കംകോണം - അയ്യപ്പൻകോവിൽ റോഡ് മെറ്റലിങ്ങ്,ടാറിങ്ങ്<br>കരാറുകാരൻ - എം എം ജോസഫ്<br>എംബി നമ്പർ - 299/18-19<br>എഗ്രി.നമ്പർ - 06/18-19<br>തീയതി - 14.8.18<br>ചെലവ് - 162574/-<br>ട്രഷറി ബിൽ നമ്പർ - 8/19.7.19 | SS1- 250.21<br>RS1-80.95<br>VG30-621.12<br>ആകെ | 1.38<br>0.40<br>3.84<br>5.62 | 1338 | 241 | 1579 |
| 5. | 154/20 - കരുവാൻപടി സുബ്രഹ്മണ്യൻ റോഡ് മെറ്റലിങ്ങ്, ടാറിങ്ങ്<br>കരാറുകാരൻ - എം എം ജോസഫ്<br>എംബി നമ്പർ - 301/18-19<br>എഗ്രി.നമ്പർ - 03/18-19<br>തീയതി - 14.8.2018<br>ചെലവ് - 292105/-<br>ട്രഷറി ബിൽ നമ്പർ - 9/19.7.2019 | SS1-443.36<br>RS1-143.44<br>VG30-1100.59<br>ആകെ | 2.45<br>0.72<br>6.80<br>9.97 | 2373 | 427 | 2800 |
| 6. | 153/20 - താഴത്തേക്കളം റോഡ് മെറ്റലിങ്ങ് ടാറിങ്ങ് | SS1-264.47 | 1.46 | 1416 | 255 | 1671 |

| | | | | | | |
|---|---|---|---|---|---|---|
| | കരാറുകാരൻ – എം എം ജോസഫ്<br>എംബി നമ്പർ – 296/18-19<br>എഗ്രി.നമ്പർ – 52/18-19<br>തീയതി – 6.10.2018<br>ചെലവ് – 170909/-<br>ട്രഷറി ബിൽ നമ്പർ -10/19.7.2019 | RS1-85.56<br>VG30-656.51<br>ആകെ | 0.43<br>4.06<br>5.95 | | | |
| 7 | 158/20 – കരുവാൻപടി ശാസ്താ റോഡ് മെറ്റലിങ്ങ്, ടാറിങ്ങ്<br>കരാറുകാരൻ – എം എം ജോസഫ്<br>എംബി നമ്പർ – 300/18-19<br>എഗ്രി.നമ്പർ – 01/18-19<br>തീയതി – 14.8.18<br>ചെലവ് – 199271/-<br>ട്രഷറി ബിൽ നമ്പർ -11/19.7.2019 | SS1-254.38<br>RS1-82.79<br>VG30-631.41<br>ആകെ | 1.4<br>0.41<br>3.9<br>5.71 | 1359 | 245 | 1604 |
| 8. | 156/20 – കണ്ണേരി റോഡ് സോളിങ്ങ് ടാറിങ്ങ്<br>കരാറുകാരൻ – എം എം ജോസഫ്<br>എംബി നമ്പർ – 295/18-19<br>എഗ്രി.നമ്പർ – 46/18-19<br>തീയതി – 6.10.18<br>ചെലവ് – 109799/- | SS1-117.64<br>RS1-38.06<br>VG30-292.02<br>ആകെ | 0.65<br>0.19<br>1.8<br>2.64 | 628 | 113 | 741 |

| | | | | | | |
|---|---|---|---|---|---|---|
| | ട്രഷറി ബിൽ നമ്പർ -12/19.7.19 | | | | | |
| 9 | 150/20 – കണ്ടംചിറപ്പടി റോഡ് റീടാറിങ്ങ്<br>കരാറുകാരൻ – എം എ മുഹമ്മദ്<br>എംബി നമ്പർ – 150/18-19, 321/18-19<br>എഗ്രി.നമ്പർ – 70/18-19<br>തീയതി – 04.02.2019<br>ചെലവ് – 494890/-<br>ട്രഷറി ബിൽ നമ്പർ -14/19.8.2019 | SS1-487.09<br>RS1-171.3<br>VG30-1355<br>ആകെ | 2.69<br>0.86<br>8.37<br>11.92 | 2837 | 511 | 3348 |
| 10 | 178/20 – മേലേമുറി പാറ റോഡ് റീടാറിങ്ങ്<br>കരാറുകാരൻ – അബ്ദുൾ റസാക്ക്<br>എംബി നമ്പർ – 207/19-20<br>എഗ്രി.നമ്പർ – 2/19-20<br>തീയതി – 25.9.2019<br>ചെലവ് – 263223/-<br>ട്രഷറി ബിൽ നമ്പർ -26/14.1.2020<br>27/14.1.2020 | RS1-214.56<br>VG30-2309.22<br>ആകെ | 1.07<br>14.27<br>15.34 | 3651 | 657 | 4308 |
| 11 | 75/20 – പള്ളിഞ്ഞാലിൽ റോഡ് റീടാറിങ്ങ് & സൈഡ് കെട്ടൽ<br>കരാറുകാരൻ – എം എ മുഹമ്മദ്<br>എംബി നമ്പർ – 258/19-20 | RS1-100.575<br>VG30-1059.15 | 0.50<br>6.55 | 1678 | 302 | 1980 |

| | | | | | | |
|---|---|---|---|---|---|---|
| | എഗ്രി.നമ്പർ –16/19-20<br>തീയതി –05.11.2019<br>ചെലവ് –247649/-<br>ട്രഷറി ബിൽ നമ്പർ –28/17.1.2020 | ആകെ | 7.05 | | | |
| 12 | 179/20 – പാറക്കടവ് അപ്പത്ത്പടി റോഡ് റീടാറിങ്ങ്<br>കരാറുകാരൻ – അബ്ദുൾറസാക്ക്<br>എംബി നമ്പർ 206/19-20<br>എഗ്രി.നമ്പർ –04/19-20<br>തീയതി –25.9.2019<br>ചെലവ് –198560/-<br>ട്രഷറി ബിൽ നമ്പർ –29/17.1.20 | RS1-161.69 | 0.81 | 2754 | 496 | 3250 |
| | | VG30-1741.79 | 10.76 | | | |
| | | ആകെ | 11.57 | | | |
| 13 | 57/20 – പന്തലാംമൂച്ചി റോഡിൽ മേലേമുറി അംഗൻവാടി പണ്ടാരമ്പലം റോഡ് റീടാറിങ്ങ്<br>കരാറുകാരൻ – എം എ മുഹമ്മദ്<br>എംബി നമ്പർ –208/19-20<br>എഗ്രി.നമ്പർ –20/19-20<br>തീയതി –05.11.2019<br>ചെലവ് –299561/-<br>ട്രഷറി ബിൽ നമ്പർ –33/17.1.2020 | RS1-208.125 | 1.04 | 3608 | 649 | 4257 |
| | | VG30-2283.88 | 14.12 | | | |
| | | ആകെ | 15.16 | | | |

| | | | | | | |
|---|---|---|---|---|---|---|
| 14 | 176/20 – പ്ലാപ്പടത്ത് പടി റോഡ് റീടാറിങ്ങ് | RS1-380.228 | 1.9 | 6376 | 1148 | 7524 |
| | കരാറുകാരൻ - അബ്ദുൾ റസാക്ക് | | | | | |
| | എംബി നമ്പർ - 257/19-20 | VG30-4026.93 | 24.89 | | | |
| | എഗ്രി.നമ്പർ - 1/19-20 | | | | | |
| | തീയതി - 25.9.2019 | | | | | |
| | ചെലവ് - 490015/- | ആകെ | 26.79 | | | |
| | ട്രഷറി ബിൽ നമ്പർ -36/17.1.2020 | | | | | |
| 15 | 95/20 – പന്തലാംമൂച്ചി റോഡ് സൈഡ് കെട്ടി റീ ടാറിങ്ങ് | SS1-691.05 | 3.82 | 3699 | 666 | 4365 |
| | കരാറുകാരൻ - എം എ മുഹമ്മദ് | RS1-223.58 | 1.12 | | | |
| | എംബി നമ്പർ - 200/19-20 | | | | | |
| | എഗ്രി.നമ്പർ - 17/19-20 | VG30-1715.43 | 10.6 | | | |
| | തീയതി - 05.11.2019 | | | | | |
| | ചെലവ് - 332131/- | ആകെ | 15.54 | | | |
| | വൗച്ചർ നമ്പർ - ലഭ്യമല്ല. | | | | | |
| 16 | 48/20 – സെന്റ് തോമസ് ഹൈസ്കൂൾ റോഡ് മെറ്റലിങ്ങ് ടാറിങ്ങ് | SS1-421.26 | 2.33 | 2254 | 406 | 2660 |
| | കരാറുകാരൻ - എം എ മുഹമ്മദ് | RS1-136.29 | 0.68 | | | |
| | എംബി നമ്പർ - 198/19-20 | | | | | |
| | എഗ്രി.നമ്പർ - 18/19-20 | VG30-1045.72 | 6.46 | | | |
| | തീയതി - 5.11.19 | | | | | |
| | ചെലവ് - 280684/- | ആകെ | 9.47 | | | |

| | | | | | | |
|---|---|---|---|---|---|---|
| | ട്രഷറി ബിൽ നമ്പർ -41/21.1.20 | | | | | |
| 17 | 72/20 – കാര്യാട്ടിരിപ്പടി റോഡ് മെറ്റലിങ്ങ് ടാറിങ്ങ് | SS1-271.70 | 1.5 | 1454 | 262 | 1716 |
| | കരാറുകാരൻ – എം എ മുഹമ്മദ് | | | | | |
| | എംബി നമ്പർ – 201/19-20 | RS1-87.90 | 0.44 | | | |
| | എഗ്രി.നമ്പർ – 21/19-20 | | | | | |
| | തീയതി – 11.5.2019 | VG30-674.46 | 4.17 | | | |
| | ചെലവ് – 279629/- | | | | | |
| | ട്രഷറി ബിൽ നമ്പർ -42/21.1.2020 | ആകെ | 6.11 | | | |
| 18 | 56/20 – മുണ്ടേങ്ങോട്ട് ഫാം റോഡ് മെറ്റലിങ്ങ് ടാറിങ്ങ് | SS1-369.5 | 2.04 | 1978 | 356 | 2334 |
| | കരാറുകാരൻ – മണികണ്ഠൻ | | | | | |
| | എംബി നമ്പർ – 188/19-20 | RS1-119.54 | 0.60 | | | |
| | എഗ്രി.നമ്പർ – 27/19-20 | | | | | |
| | തീയതി – 12.11.2019 | VG30-917.22 | 5.67 | | | |
| | ചെലവ് – 249905/- | | | | | |
| | ട്രഷറി ബിൽ നമ്പർ -46/29.1.2020 | ആകെ | 8.31 | | | |
| 19 | 65/20 – ചേലക്കോട് പഴയ കോളനി റോഡ് റീടാറിങ്ങ് | RS1-142.75 | 0.71 | 2378 | 428 | 2806 |
| | കരാറുകാരൻ – കെ എം ജോസഫ് | VG30-1501.71 | 9.28 | | | |
| | എംബി നമ്പർ – 197/19-20 | | | | | |
| | എഗ്രി.നമ്പർ – 33/19-20 | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | തീയതി – 14.11.2019<br>ചെലവ് – 193644/-<br>ട്രഷറി ബിൽ നമ്പർ -52/29.1.20 | ആകെ | 9.99 | | | |
| | ആകെ | | | 46280 | 8332 | 54612 |

ഇു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 5/20.11.2021-ന് മറുപടി ലഭ്യമാക്കിയില്ല. മുകളിൽ പറഞ്ഞ പ്രകാരം 54612 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-2 മരാമത്ത് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി വൈകിയതിന് നിയമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

കേരള പൊതുമരാമത്ത് മാന്വൽ 2012ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി നീട്ടി നൽകാവുന്നത്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്.

ആദ്യതവണ ആകെ അനുവദിച്ച സമയത്തിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് ആകെ അനുവദിച്ച സമയത്തിന്റെ 25% അനുവദിക്കുമ്പോൾ PACയുടെ 2% പിഴ ഈടാക്കേണ്ടതാണ്. താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലവധി നീട്ടി നിയമപ്രകാരം നീട്ടി നൽകുകയോ പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | എഗ്രിമെന്റ് തീയതി | പൂർത്തീകരിക്കേണ്ട തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | 127/20 – ചാത്തൻപ്ലാക്കൽ റോഡ് കോൺക്രീറ്റിങ്ങ്<br>അടങ്കൽ – 188000/-<br>ചെലവ് – 187692/-<br>ട്രഷറി ബിൽ നമ്പർ- 2/28.6.2019<br>കരാറുകാരൻ – എം എം ജോസഫ്<br>എഗ്രിമെന്റ് നമ്പർ – 05/18-19 തീയതി 14.08.2018<br>അളവ് പുസ്തകം – | 14.08.2018 | 13.02.2019 | 18.03.2019 | 1864 |

| | | | | | |
|---|---|---|---|---|---|
| | 314/18-19<br>PAC – 186447/- | | | | |

മുകളിൽ പറഞ്ഞപ്രകാരം പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 8/20.11.2021 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. പിഴയിനത്തിൽ 1864 രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

തൻവർഷം സംയുക്തപ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗത്തിന്റെ വിവരം താഴെ ചേർക്കുന്നു

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2019-20 | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ്( Pro No 29) | 300000 | ഇല്ല |
| | | 1194761 | ലൈഫ് മിഷൻ രണ്ടാം ഘട്ടം (ജനറൽ) | 1194761 | ഇല്ല |
| ജില്ലാ പഞ്ചായത്ത് (ഒബി.1675365) | 2019-20 | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ്( Pro No 29) | 200000 | ഇല്ല |
| | | 829826 | ലൈഫ് മിഷൻ രണ്ടാം ഘട്ടം (ജനറൽ)(PRO NO 199) | 829826 | ഇല്ല |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| PWD ELECTRONICS DIVISION | മാലിന്യനിക്ഷേപം കണ്ടെത്തുന്നതിന് പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സി.സി.ടി.വി | - | 1080040 | - | 1080040 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| | ക്യാമറകൾ സ്ഥാപിക്കൽ (131/20) | | | | |
| | ഡി.സി കോളനി പകൽവീടിന് കറൻറ് കണക്ഷൻ (135/20) | - | 11994 | 11994 | 0 |
| KSEB | അംഗൻവാടികൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാകുന്നതിന് കെ.എസ്.ഇ.ബി ക്ക് തുക അടവാക്കൽ (205/20) | - | 68104 | 68104 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

വായ്പ / വായ്പ തിരിച്ചടവ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം / തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | GO(MS)NO.68/2018 Dt.18/05/2018 | ലഭ്യമല്ല. | 14300055 | 985294 | | 13314761 |

വായ്പ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള വിവരങ്ങളാണ് ചേർത്തിട്ടുള്ളത്.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ലഭ്യമല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ലഭ്യമല്ല.

## 4-8 ചാർജ്ജ് / സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,00,30,634 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,90,06,504 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 56,476 |

| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,67,090 |
|---|---|

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഉത്തരവാദിയായ ആളുടെ സ്ഥിര മേൽവിലാസം |
|---|---|---|---|
| 3-1 | 54,612 | ഷമീർ.കെ.എം. അസിസ്റ്റന്റ് എഞ്ചിനീയർ | 115/112 തയ്യിൽ ഹൗസ്, പുതുപരിയാരം, ഒലവക്കോട്, പാലക്കാട്- പിൻ 678731 |
| 3-2 | 1,864 | ഷമീർ.കെ.എം. അസിസ്റ്റന്റ് എഞ്ചിനീയർ | 115/112 തയ്യിൽ ഹൗസ്, പുതുപരിയാരം, ഒലവക്കോട്, പാലക്കാട്- പിൻ 678731 |
| ആകെ | 56,476 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 2,00,000 | ഡോ.ശരണ്യ , വെറ്ററിനറി സർജൻ |
| 1-24 | 45,000 | സുധീർ.പി.എസ്. (സെക്രട്ടറി ഇൻ ചാർജ്ജ്) |
| 1-34 | 1,13,210 | ഷമീർ.കെ.എം. അസി. എഞ്ചിനീയർ |
| 1-39 | 26,788 | സനൽ കുമാർ.എം.വി, ഹെഡ്മാസ്റ്റർ, ഗവ.യു.പി.സ്കൂൾ |
| 1-40 | 53,576 | സനൽ കുമാർ.എം.വി,ഹെഡ്മാസ്റ്റർ, ഗവ.യു.പി.സ്കൂൾ |
| 1-41 | 53,576 | സനൽ കുമാർ.എം.വി, ഹെഡ്മാസ്റ്റർ, ഗവ.യു.പി.സ്കൂൾ |
| 1-42 | 3,900 | സനൽ കുമാർ.എം.വി, ഹെഡ്മാസ്റ്റർ, ഗവ.യു.പി.സ്കൂൾ |
| 1-45 | 71,040 | ജയലക്ഷ്മി.എം. സെക്രട്ടറി |
| ആകെ | 5,67,090 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ഡോ.ശരണ്യ,വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, നടത്തറ ഗ്രാമപഞ്ചായത്ത് | പുലിയത്ത് ഹൗസ്, പൂവണി അമ്പലത്തിന്റെ സമീപം, കോലഴി -പി.ഓ., തൃശ്ശൂർ |
| സനൽ കുമാർ.എം.വി. ഹെഡ്മാസ്റ്റർ | വിരമിച്ചു | സൗഭദ്രം, കണിയാർക്കോട്-പി.ഓ, തിരുവില്വാമല, തൃശ്ശൂർ-680594 |
| ജയലക്ഷ്മി.എം. സെക്രട്ടറി | സെക്രട്ടറി കൊണ്ടാഴി ഗ്രാമപഞ്ചായത്ത് | 'അധിശ്രീ' ഒല്ലൂക്കര-പി.ഓ, തൃശ്ശൂർ |
| സുധീർ.പി.എസ്. സെക്രട്ടറി- ഇൻ-ചാർജ്ജ് | ജൂനിയർ സൂപ്രണ്ട്, പിഎയു-3, എറണാംകുളം | പരിത ഹൗസ്, ഊറവൂർ-പി.ഓ., എറണാംകുളം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| *1969-70*<br>*1970-71* | *എൽ.എഫ്.ഇ3 -2943/74/03.07.1984* |
| 1971-72 | *എൽ.എഫ്.ഇ3 -5011/74/13.05.1975* |
| 1972-73 | *എൽ.എഫ്.ഇ3 -1894/76/26.01.1997* |
| 1973-74 | *എൽ.എഫ്.ഇ3 -398/76/12.02.1976* |
| 1974-75 | *എൽ.എഫ്.ഇ3 -6775/76/06.06.1978* |
| 1975-76 | *എൽ.എഫ്.ഇ3 -5136/77/06.01.1978* |
| 1976-77 | *എൽ.എഫ്.ഇ3 -2535/82/11.06.1983* |
| 1977-78 | *എൽ.എഫ്.ടി.10 -2109/80/07.10.1980* |
| 1978-79 | *എൽ.എഫ്.ടി.10 -710/928/23.03.1981* |
| 1979-80 | *എൽ.എഫ്.ടി.13 -1574/82/15.09.1982* |
| 1980-81<br>1981-82<br>1982-83<br>1983-84<br>1984-85<br>1985-86 | *എൽ.എഫ്.ടി.(എസ്.2)90711/28.01.2012* |
| 1986-87<br>1987-88 | *എൽ.എഫ്.ടി.13 -1329/92/15.10.1992* |
| 1988-89<br>1989-90<br>1990-91 | *എൽ.എഫ്.ടി.13 -1488/93/25.02.1994* |
| 1991-92 | *എൽ.എഫ്.ടി.13 -627/93/03.12.1993* |
| 1992-93<br>1993-94 | *എൽ.എഫ്.ടി.13 -368/96/31.03.1997* |
| 1994-95<br>1995-96<br>1996-97 | *എൽ.എഫ്.ടി.പി.4 -50/2014/14.03.14/05.04.2014* |

| | |
|---|---|
| 1997-98 | |
| 1998-99 | |
| 1999-2000 | |
| 2000-2001 | |
| 2001-02 | |
| 2002-03 | |
| 2003-04 | |
| 2004-05 | |
| 2005-06 | |
| 2006-07 | |
| 2007-08 | *എൽ.എഫ്.ടി.പി.4 -1306/11/08.02.2012* |
| 2008-09 | *എൽ.എഫ്.ടി.പി.4 -1307/11/22.02.2012/31.03.2012* |
| 2009-2010<br>2010-11 | *എൽ.എഫ്.ടി.പി.4 -1408/12/05.12.2012/05.03.2013* |
| 2011-12 | *എൽ.എഫ്.ടി.പി.4 -2119/2013/12.05.2014/07.08.2014* |
| 2012-13 | എൽ.എഫ്.ടി.പി.4-1921/14/06.03.2015/ 01.04.2015 |
| 2013-14<br>2014-15 | നം.കെ.എസ്.എ.ടി.എസ്.ആർ (പി4)405/16, തീ. 02.04.2016/06.05.2016 |
| 2015-16 | നം .കെ.എസ്.എ. ടി.എസ്.ആർ (പി 4) 2026/16, തീ. 22.11..2016/17.1.17 |
| 2016-17 | നം.കെ.എസ്.എ.ടി.എസ്.ആർ (പി4) -1373/2017 തീ.13.10.17/10.11.17 |
| 2017-18 | നം .കെ.എസ്.എ. ടി.എസ്.ആർ (പി 4) 350/2019.തീയതി 4.6.2019 |
| 2018-19 | നം .കെ.എസ്.എ.ടി.എസ്.ആർ (പി.7)1332/2020, തീയതി 07.01.2021 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്